VI. 58-ാം ചട്ടപ്രകാരമുള്ള ചർച്ച

നാളികേരത്തിന്റെ വിലയിടിവ്

ശ്രീ. എ.സി. ജോസ്: സർ, ബഹുമാനപ്പെട്ട അങ്ങും ഞാനുമെല്ലാം കേരംതിങ്ങും കേരളനാട്ടിനെക്കുറിച്ച് മുദ്രാവാക്യം വിളിച്ചിട്ടുണ്ട്. കേരളത്തിന്റെ പേരിനും നിലനിൽപ്പിനും ആധാരം തന്നെ തെങ്ങും തെങ്ങുകൃഷിയുമാണ്. കേരത്തിന്റെ അളമായതുകൊണ്ടാണ് കേരളമെന്ന പേരുണ്ടായത്.

''കൽപകതരുനികരങ്ങൾ നിരക്കും

കൽപിതഭൂവാണെന്റെ രാജ്യം'' എന്നു

ശ്രീ. ബോധേശ്വരൻ കേരളഗാനത്തിൽ പാടിയിട്ടുണ്ട്. കേരളത്തിന്റെ ആ പൂജ്യവൃക്ഷം ഇന്നു പേടിപ്പെടുത്തുന്ന കാലന്റെ കാലുകൾ പോലെ നീണ്ടുനിൽക്കുകയാണ്. കിളി ചത്ത കൂട്ടിലേക്ക് നോക്കിയിരിക്കുന്ന കാക്കാനെപ്പോലെയാണ് ഇന്നു കേരകർഷകൻ കൽപദ്രുമത്തിലേക്ക് നോക്കിയിരിക്കുന്നത്. നാളികേരത്തിന്റെ ഉൽപാദനത്തിൽ 3-ാം സ്ഥാനമാണ് ഇൻഡ്യക്കുള്ളത്. ഇൻഡ്യയിൽ 22 ലക്ഷം ഏക്കർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യുന്നുണ്ട്. ഇതിൽ പകുതിയോളം കേരളത്തിലാണ്. സ്വർണ്ണത്താലമേന്തി, പച്ചപെയ്ത മരം വീശി, തലയുയർത്തിപ്പിടിച്ചു നിൽക്കുന്ന തെങ്ങാണ് കേരളത്തിന്റെ സൗന്ദര്യവും സമ്പത്തും. 25 ലക്ഷത്തോളം ചെറുകിട കൃഷിക്കാരാണ് ഈ രംഗത്തുള്ളത്. അതായത് കേരളത്തിലെ മൊത്തം തെങ്ങുകൃഷിക്കാരിൽ 98 ശതമാനവും ചെറുകിട കൃഷിക്കാരാണ്. 1170 ലക്ഷം കേരവൃക്ഷങ്ങളാണ് കേരളത്തിലുള്ളത്. കേരളമക്കളുടെ മുഖത്ത് ചിരി വിരിയുന്നതും മ്ലാനത പരക്കുന്നതും നാളികേരത്തിന്റെ കമ്പോള നിലവാരം നോക്കിയായിരിക്കും. ഇന്നു ഒരു തേങ്ങയ്ക്ക് ഒരു രൂപ പോലും കിട്ടാത്ത സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. 1983 ജൂൺ മാസത്തിലാണ് തേങ്ങയ്ക്ക് ഏറ്റവും കൂടുതൽ വില കിട്ടിയത്. 1965 രൂപ അന്ന് കൊച്ചിമാർക്കറ്റിൽ വിലയുണ്ടായിരുന്നു. ഒരു തേങ്ങയ്ക്ക് 4 രൂപ വില ഉണ്ടായിരുന്ന കാലമായിരുന്നു അത്. 1983-ൽ എണ്ണവില 3000 രൂപയായി. അതിനെത്തുടർന്നു പിന്നെ വില താഴാൻ തുടങ്ങി. ഉൽപാദന വർദ്ധനവും ഇറക്കുമതി നിയന്ത്രണം നിർത്തലാക്കിയതുമാണ് എണ്ണവില താഴാൻ കാരണമായത്. വെളിച്ചെണ്ണ ഉപയോഗിക്കുന്നത് രണ്ട് ആവശ്യങ്ങൾക്കാണ്. ഒന്ന് ഗാർഹികോപയോഗത്തിനും മറ്റൊന്ന് വ്യാവസായികാവശ്യത്തിനും. ഗാർഹികോപയോഗത്തിന് ഏതാണ്ട് 45,000 ടൺ വെളിച്ചെണ്ണ മതിയാകും എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ 45,000 ടൺ ഉപയോഗിക്കുന്നത് കേരളത്തിലും, മലയാളികൾ തിങ്ങിപ്പാർക്കുന്ന മറ്റ് ചില പോക്കറ്റുകളിലുമാണ്. വെളിച്ചെണ്ണയുടെ വില വർദ്ധിച്ചപ്പോൾ സ്വാഭാവികമായും ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്ന വെളിച്ചെണ്ണയുടെ സ്ഥാനം മറ്റ് ചില സസ്യഎണ്ണകൾ പിടിച്ചെടുത്തു. 3 ലക്ഷത്തി ഇരുപത്തയ്യായിരം ടൺ വെളിച്ചെണ്ണയാണ് വ്യാവസായികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചിരുന്നത്. വെളിച്ചെണ്ണയുടെ വില വർദ്ധിച്ചപ്പോൾ സോപ്പുനിർമ്മാണത്തിനും മറ്റും വെളിച്ചെണ്ണ

[അദ്ധ്യക്ഷവേദിയിൽ | ശ്രീ. രാഘവൻ പൊഴക്കടവിൽ]

LIBRARY ARCHIVES Kerala Legislative Assembly

യ്ക്കു പകരം മറ്റ് സസ്യഎണ്ണകളും ഉപയോഗിക്കാൻ തുടങ്ങിയതോടുകൂടി വെളിച്ചെണ്ണയുടെ വില വളരെ താഴ്ന്നു. വെളിച്ചെണ്ണയ്ക്ക് വളരെക്കൂടുതൽ വില വേണമെന്ന് ആവശ്യപ്പെടുന്നതു ശരിയല്ല. വെളിച്ചെണ്ണയുടെ വില വളരെക്കൂടുതൽ വർദ്ധിച്ചാൽ സ്വാഭാവികമായും ഗാർഹികാവശ്യങ്ങൾക്കും വ്യാവസായികാവശ്യങ്ങൾക്കും മറ്റ് സസ്യ എണ്ണകളും ഉപയോഗിക്കും. അതുകൊണ്ടുതന്നെ അനാവശ്യമായി വളരെ ഉയർന്ന വില വെളിച്ചെണ്ണയ്ക്ക് ഉണ്ടാകണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. ഇപ്പോഴത്തെ കണക്കനുസരിച്ച് 40 തേങ്ങ ഒരു വർഷം ഉണ്ടാകുന്ന ഒരു തെങ്ങിന്റെ ശുശ്രൂഷയ്ക്ക് ഒരു രൂപ 25 പൈസ ചെലവാകും. അടുത്തകാലത്ത് കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നടത്തിയ ഒരു പഠനം അനുസരിച്ച് ഒരു ഹെക്ടർ സ്ഥലത്ത് തെങ്ങു നട്ടുപിടിപ്പിച്ചു തോട്ടമാക്കുന്നതിന് സ്ഥലത്തിന്റെ വില കൂടാതെ തന്നെ പതിനയ്യായിരത്തോളം രൂപ വേണം. അപ്പോൾ ഒരു തേങ്ങ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ചെലവ് 12 ശതമാനം പലിശയും കൂടി കൂട്ടിയാൽ ഒരു രൂപ 50 പൈസയാകുന്നു. കേരളത്തിലുണ്ടാകുന്ന ഒരു തേങ്ങയ്ക്ക് ഒരു രൂപ 50 പൈസയെങ്കിലും കിട്ടിയില്ലെങ്കിൽ കേരളത്തിലെ തെങ്ങ് മുഴുവൻ തന്നെ വെട്ടിക്കളയേണ്ട ഒരു സാഹചര്യമുണ്ടാകും. അതുകൊണ്ട് ഒരു തേങ്ങയ്ക്ക് കുറഞ്ഞത് 2 രൂപയെങ്കിലും കർഷകന് കിട്ടുവാനുള്ള സംവിധാനം ഉണ്ടാക്കണം. കേരളത്തെ കേരളം എന്നു പറയുന്നതു തന്നെ കേരവൃക്ഷം തിങ്ങിനിൽക്കുന്നതുകൊണ്ടാണ്. കേരളം ഉണ്ടായ കാലം മുതൽക്കുതന്നെ കേരവൃക്ഷങ്ങളും ഉണ്ട്. കേരവൃക്ഷങ്ങൾ ഉണ്ടായ കാലം മുതൽക്കുതന്നെ തേങ്ങയുടെ വിലയെക്കുറിച്ച് തർക്കവുമുണ്ട്. സങ്കീർണ്ണമായ തേങ്ങവില നിയന്ത്രിക്കുവാനോ, തൻമൂലം നമ്മുടെ സമ്പദ്ഘടന നിയന്ത്രിക്കുവാനോ ഇന്നുവരെ നമുക്കു കഴിഞ്ഞിട്ടില്ല. വെളിച്ചെണ്ണവിലയ്ക്ക് കേരളത്തിന്റെ സാമ്പത്തിക ചംക്രമണത്തിന്റെ ഹൃദയസ്ഥാനമാണുള്ളത്. ആ സാമ്പത്തിക ചംക്രമണം നിലനിർത്തുവാനും, നിയന്ത്രിക്കുവാനും, പുഷ്ടിപ്പെടുത്തുവാനും ആവശ്യമായ ഒരു ഹൃദയം നമുക്കില്ലായെന്നുള്ളത് കഷ്ടമാണ്. ഇവിടെ റബ്ബറിന് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുണ്ട്. ഞാൻ പറയുന്നതിൽ ഈ സഭയിൽ ആർക്കും പരിഭവം തോന്നരുത്. ഇന്നു തെങ്ങിന് ഒരു മദ്ധ്യവയസ്കയായ ഭാര്യയുടെ സ്ഥിതിയും, റബ്ബറിന് മാദക കാമുകിയുടെ സ്ഥിതിയുമാണുള്ളത്. റബ്ബറിന്റെ വിലയ്ക്ക് എന്തെങ്കിലും കുറവ് ഉണ്ടായാൽ കേരളമാകമാനം ഇളകും. പത്രങ്ങളെല്ലാം ഇളകും. ഈ സഭയിലാകെ പെട്ടെന്ന് പ്രകമ്പനം ഉണ്ടാകും. ഇവിടെ അഖിലകക്ഷി ഡെലിഗേഷൻ പോകണമെന്നുള്ള പ്രമേയങ്ങളും വരും. പക്ഷേ കേരളത്തിൽ നാളികേരത്തിന്റെ വില ഇടിഞ്ഞിട്ട് ഒരു പ്രകമ്പനവും ഇല്ല. ആളുകൾ നിശബ്ദമായി വേദനിക്കുന്നു എന്നല്ലാതെ ഒരു ശബ്ദവും ഉണ്ടാകുന്നില്ല. റബ്ബറിന് ഒരു സെൻട്രൽ മാർക്കറ്റിംഗ് സൊസൈറ്റിയുണ്ട്. നാളികേരത്തിന്റെ വില നിയന്ത്രിച്ചു നിർത്തുന്നതിന് ഇന്നുവരെ ഒരു നാളികേര കോ—ഓപ്പറേറ്റീവ് സൊസൈറ്റിയോ, മാർക്കറ്റിംഗ് ഫെഡറേഷനോ ഉണ്ടാക്കിയിട്ടില്ല. മറ്റെല്ലാ സാധനങ്ങൾക്കും അതുണ്ട്. നമ്മുടെ മാതാവായ കൽപ്പദ്രുമത്തിന്റെ കായയുടെ വില നിയന്ത്രിച്ചുനിർത്തുവാൻ ഒരു മാർക്കറ്റിംഗ് സൊസൈറ്റി ഇന്നുവരെ ഉണ്ടാക്കിയിട്ടില്ല. എനിക്ക് ഈ ഗവൺമെന്റിനോടും ബഹുമാന്യനായ മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത് നാളികേരത്തിന്റെ വില

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രിക്കുന്നതിനാവശ്യമായ ഒരു സെൻട്രൽ കൊപ്ര മാർക്കറ്റിംഗ് ഫെഡറേഷനും. അതു നിയന്ത്രിക്കുന്നതിന് ഒരു മാർക്കറ്റിംഗ് ഫെഡറേഷനും ഇവിടെ ഉണ്ടാക്കണം എന്നാണ്. ഇന്ന് ഇവിടെ ചില ചില്ലറ നാളികേര സൊസൈറ്റികളും ഉണ്ടെന്നല്ലാതെ കേന്ദ്രീകൃതമായ ഒരു സംവിധാനം ഇല്ല. അതുപോലെതന്നെ ഇറക്കുമതി വില നിലവാരത്തെ ബാധിക്കുന്നു. ഈ ഇറക്കുമതിക്ക് പ്രേരിപ്പിക്കുന്നത് എന്താണ്? വെളിച്ചെണ്ണ ഒരു വ്യാവസായിക വാണിജ്യ ഉൽപന്നമായി പ്രഖ്യാപിക്കാൻ തയ്യാറാകണം. വെളിച്ചെണ്ണയെ ഇന്നുവരെ ഒരു സസ്യ എണ്ണയായും ഭക്ഷ്യപദാർത്ഥമായും മാത്രമാണ് കണക്കാക്കിയിട്ടുള്ളത്. ഇതു മാറണം. ഇൻഡ്യയിൽ 3.87 ലക്ഷം ടൺ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതിൽ 48,000 ടൺ ഭക്ഷ്യാവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നു. ബാക്കി വ്യാവസായികാവശ്യങ്ങൾക്കു വേണ്ടിയാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് ഇതൊരു വ്യാവസായികോൽപ്പന്നമായി, ഇൻഡസ്ട്രിയൽ പ്രോഡക്റ്റായി പ്രഖ്യാപിക്കണം. ഇതൊരു ഇൻഡസ്ട്രിയൽ ഓയിലായി പ്രഖ്യാപിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ നിയന്ത്രണം ഉണ്ടാക്കാൻ കഴിയുകയുള്ളു. വെളിച്ചെണ്ണയുടേയും കൊപ്രയുടേയും ഇറക്കുമതി പരിപൂർണ്ണമായി നിരോധിക്കാനുള്ള സമ്മർദ്ദം ചെലുത്താൻ നമുക്ക് കഴിയണം. നോർത്ത് ഇൻഡ്യയിലെ ചുരുക്കം ചില ആളുകൾക്കുവേണ്ടിയാണ് ഈ ഇറക്കുമതി നടത്തുന്നത്. നമ്മുടെ കേരകർഷകരുടെ നിലനിൽപ്പിനുവേണ്ടി അവരെ സംരക്ഷിക്കുന്നതിനുവേണ്ടി ഈ ഇറക്കുമതി പരിപൂർണ്ണമായി, ശാശ്വതമായി അവസാനിപ്പിക്കണം. ഇവിടെ മറ് പലതിനും ബോർഡുണ്ട്. പക്ഷേ നാളികേരത്തിനുമാത്രം ഒരു ബോർഡില്ല. റബ്ബർബോർഡിന്റെ മാതൃകയിൽ നാളികേരത്തിനും ഒരു ബോർഡ് ഉണ്ടാക്കണം. റബ്ബർ ബോർഡിന്റെ മാതൃകയിൽ ഒരു കോക്കനട്ട് ബോർഡ് ഉണ്ടായാൽ മാത്രമേ നാളികേര കർഷകർക്ക് ആവശ്യമായ ആശ്വാസം കിട്ടുകയുള്ളു. ഇന്നത്തെ പത്രത്തിലുമുണ്ട്, നാളികേര ഫെഡറേഷനെ കൊപ്ര സ്റ്റാബ്ദൻ ഏൽപ്പിച്ചു. പക്ഷേ ഇതുവരെ കൊപ്ര എടുത്തിട്ടില്ല. കൊപ്ര എടുത്താൽത്തന്നെ അതു ശരിയായി സൂക്ഷിക്കാൻ കഴിയുന്നില്ല. എടുക്കുന്ന കൊപ്രയുടെ വില നാളികേര കർഷകർക്ക് കിട്ടുന്നില്ല. ചെറുകിട കൊപ്ര വ്യാപാരികളാണ് ഇതുകൊണ്ട് ഗുണം കിട്ടുന്നത്. അവർ ഇഷ്ടമുള്ള വിലയ്ക്ക് മേടിക്കുന്നു. ഈ വില നാളികേര കർഷകർക്ക് കിട്ടാനാവശ്യമായ സംവിധാനം ഉണ്ടാക്കണം. കർഷകരുടെ ഉൽപാദനത്തിന്റെ മെച്ചം അവർക്കുതന്നെ കിട്ടത്തക്കരീതിയിലുള്ള സംവിധാനം ഉണ്ടാക്കണം. ഇവിടെ തേങ്ങയ്ക്ക് തറവില നിശ്ചയിക്കണം. തറവില നിലനിർത്തുവാൻ താങ്ങുവിലയും ഏർപ്പെടുത്തണം. എനിക്ക് മുഖ്യമന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത് കേരളത്തിലെ തെങ്ങുകൃഷിയേയും നാളികേരകർഷകരേയും സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം എന്നാണ്. വേണ്ടിവന്നാൽ അതിനുവേണ്ടി കേന്ദ്രഗവൺമെന്റിനെ സമീപിച്ച് ഇറക്കുമതി പരിപൂർണ്ണമായി നിർത്തൽ ചെയ്യാനാവശ്യമായ സംവിധാനങ്ങളും ഉണ്ടാക്കണം. കേരളത്തിന്റെ സമ്പത്തിന്റേയും. സൗന്ദര്യത്തിന്റേയും സംസ്ക്കാരത്തിന്റെ പോലും ഇരിപ്പിടമാണ് കൽപ്പദ്രുമങ്ങൾ. ഒരു കാലത്ത് കൊക്കോകൃഷി ഇവിടെ നശിപ്പിക്കപ്പെട്ടതുപോലെ തെങ്ങുകൃഷിയും കേരളീയർക്ക് ഒരു ശാപമായിത്തീരാതെ, ഇതു നശിക്കാനിടവരാതെ, നമ്മുടെ സമ്പദ്

LIBRARY ARCHIVES Kerala Legislative Assembly

ഘടനയെ പരിപൂർണ്ണമായി ഉലയ്ക്കാനിട വരാതെ ഇതു മുന്നോട്ടു കൊണ്ടുപോകാൻ നാളികേരത്തിന് തറവിലയും താങ്ങുവിലയും ഏർപ്പെടുത്തണം. ഇവിടത്തെ കർഷകരുടേയും, നമ്മുടെ സംസ്ഥാനത്തിന്റേയും സാമ്പത്തിക ഘടന നിലനിർത്താൻ ആവശ്യമായ നടപടികളും സ്വീകരിക്കണം. കേരളത്തിന്റെ ജനജീവിതത്തെ പൊതുവേ ബാധിച്ചിരിക്കുന്ന നാളികേരത്തിന്റെ വിലയിടിവ് അതിരൂക്ഷമായ ഒരു സ്ഥിതിവിശേഷമാണ് സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുള്ളത്. പൊതുപ്രാധാന്യമുള്ള ഈ പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: സർ, ഈ പ്രശ്നം വളരെ ഭവ്യമായിത്തന്നെ ശ്രീ. ജോസ് അവതരിപ്പിച്ചത് ഞാൻ ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ പരിഹാരനിർദ്ദേശത്തോടുമാത്രം എനിക്കു വിയോജിപ്പുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗം ഈ സർക്കാരിന്റെ ഇതിനോടുള്ള നയംതന്നെയാണ്. പ്രത്യേകമായി ഒരു ബോർഡുണ്ടാക്കണമെന്നാണ് ഉപാധിയായി വച്ചിരിക്കുന്നത്. അതിലേക്ക് ഞാൻ പിന്നീടു വരാം.

10 A.M.

നമ്മുടെ ഈ സഭയിൽ പല പ്രാവശ്യവും ചർച്ചയ്ക്കുവന്ന ഒരു പ്രധാനവിഷയമാണ് ഇത്. ഈ വിഷയം വരുമ്പോഴൊക്കെ തെങ്ങുകൃഷിയെപ്പറ്റിയും നാളികേരത്തിന്റെ വിലയിടിവിനെക്കുറിച്ചുമെല്ലാം സംസാരിക്കുന്നുവെന്നതല്ലാതെ ആത്മാർത്ഥമായി ഇതിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ സൻമനസ്സ് കാണിക്കാതെ ഈ കർഷകരെ ഇത്രയേറെ നരകത്തിൽ ആഴ്ത്തിയതുകണ്ട് കൈയും കെട്ടിനിന്ന ഒരു സർക്കാരാണ് ഈ സംസ്ഥാനത്തുള്ളതെന്നു പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. ഈ വിലയിടിവിന് ഏറ്റവും പ്രധാന കാരണം, ബോംബെയിലെ ചില വ്യാപാരികളുടെ അഭ്യാസമാണ്, അതു നിയന്ത്രിക്കാൻ നടപടികളും സ്വീകരിക്കുമെന്ന് ഈ സഭയിൽ മുമ്പൊരുദിവസം മുഖ്യമന്ത്രി മറുപടി നൽകിയതാണ്. യഥാർത്ഥകാരണങ്ങളിൽനിന്നും മാറാനാണ് അദ്ദേഹം ശ്രമിച്ചത്. കൊപ്രയുടെ വിലയിടിവിന്റെ പ്രധാനകാരണം ഇറക്കുമതിയാണ്. കമ്മോഡിറ്റി ബോർഡും സംസ്ഥാനഗവൺമെന്റുമായി ആലോചിച്ചതിനുശേഷം മാത്രമേ ഇറക്കുമതി ചെയ്യൂവെന്ന് കേന്ദ്രഗവൺമെന്റ് ഉറപ്പുനൽകിയതായി പലപ്പോഴും ഈ സഭയിൽ നമ്മുടെ മുഖ്യമന്ത്രി തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. അവരോട് ആലോചിച്ചോയെന്നു എനിക്കറിഞ്ഞുകൂടാ. ആലോചിക്കാൻ ഇടയില്ലായെന്നാണ് എന്റെ വിശ്വാസം. കാരണം ഇറക്കുമതി കൂടിവരുന്നുണ്ട്. എസ്.ടി.സി. മുഖാന്തിരം ഇറക്കുമതി നടക്കുന്നുണ്ട്. ഇൻഡ്യാഗവൺമെന്റിന്റെ കണക്കനുസരിച്ചുതന്നെ ഇറക്കുമതി വർദ്ധിച്ചുവരുന്നു. ആ ഇറക്കുമതി നിർത്തണം എന്ന് ആവശ്യപ്പെടുന്നതിന് ഉത്തരവാദപ്പെട്ട ഒരു ഭരണാധികാരിയും ഈ സംസ്ഥാനത്തുണ്ടായിട്ടില്ല. എസ്.ടി.സി. മുഖാന്തിരം മാത്രമാണോ ഇറക്കുമതി നടത്തുന്നത്? ഓപ്പൺ ജനറൽ ലൈസൻസ് എന്നപേരിൽ യഥേഷ്ടം വ്യവസായ ആവശ്യത്തിനെന്നു പറഞ്ഞുകൊണ്ട് വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നതിന് ഇത്രയേറെ അവസരം ഉണ്ടാക്കിയ ഒരു കാലം ഈ രാജ്യത്തിന്റെ ചരിത്രത്തിൽ ഇതിനുമുമ്പുണ്ടായിട്ടില്ല. ഡൽഹിയിൽനിന്നും ബോംബെയിൽനിന്നും പ്രസിദ്ധീകരിക്കുന്ന വാണിജ്യ—വ്യാപാര പ്രാധാന്യമുള്ള വാരികകളിൽ പ്രധാനപ്പെട്ട ഇനം, വ്യവസായത്തിനാവശ്യമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഇറക്കുമതി ചെയ്യപ്പെട്ട വെളിച്ചെണ്ണ അവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുകയെന്ന ഇറക്കുമതി സ്ഥാപനങ്ങളുടെ പരസ്യമാണ്. ഞാൻ കഴിഞ്ഞ ദിവസം ഇക്കാര്യത്തെ സംബന്ധിച്ച് പ്രധാനപ്പെട്ട ഒരു പരസ്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിക്കുകയുണ്ടായി. ഇങ്ങനെ ഓപ്പൺ ജനറൽ ലൈസൻസ് മുഖാന്തിരം നിയന്ത്രണം ഇല്ലാതെയും എസ്.ടി.സി. മുഖാന്തിരം നിയന്ത്രണത്തോടുകൂടിയും യഥേഷ്ടം എണ്ണ ഇറക്കുമതിചെയ്യാൻ അനുവദിച്ചതിന്റെ ഫലമായിട്ടാണ് ഈ രൂക്ഷമായ വിലയിടിവ്. ഇതിനെതിരെ, ഈ ഇറക്കുമതി നിറുത്തണം എന്ന് ആവശ്യപ്പെടുന്ന കാര്യത്തെക്കുറിച്ച് ശക്തമായി സംസാരിക്കാൻ നമ്മുടെ രേണകർത്താക്കൾക്ക് കഴിയുന്നില്ലായെന്നതാണ് ഏറ്റവും ദുഃഖകരമായ വസ്തുത. ഈ നയം തുടരുന്നിടത്തോളംകാലം ഒരു മന്ത്രിതന്നെ പ്രസ്താവിച്ചതായി പത്രത്തിൽ കണ്ട ഒരു വാചകം കടമെടുക്കുകയാണെങ്കിൽ, 'സായിപ്പിനെക്കാണുമ്പോൾ കവാത്തു മറക്കുന്ന' ഈ നയം തുടരുന്നിടത്തോളം കാലം—ഈ രാജ്യത്തെ കേരകർഷകർക്ക് രക്ഷയില്ലായെന്നതാണ് വസ്തുത. (ശ്രീ. ബാലകൃഷ്ണ പിള്ളയാണെന്ന് തോന്നുന്നു പേരുകൾ ഒന്നും ഞാൻ പറയുന്നില്ല) യഥാർത്ഥത്തിൽ ആ നയമാണ് തുടരുന്നത്. ഈ വിലയിടിവുമൂലം സംസ്ഥാനത്തിന് 150 കോടി രൂപ നഷ്ടപ്പെട്ടുവെന്നാണ് സർക്കാരിന്റെ കണക്ക്. ആർക്ക് രക്ഷയുണ്ടായി? എന്നാൽ വെളിച്ചെണ്ണ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായിക ഉല്പന്നങ്ങളായ സോപ്പ്, കോസ്മെറിക്സ് തുടങ്ങിയ സാധനങ്ങൾക്ക് എന്തെങ്കിലും ഒരു വിലക്കുറവുണ്ടായോ? ഇല്ല. എന്നാൽ ടാറ അടക്കമുള്ള കുത്തക വ്യവസായികൾക്ക്, വ്യാപാരികൾക്ക് ലാഭം വാരിക്കൂട്ടുന്നതിന് ഈ ഇറക്കുമതി നയം അവസരം ഉണ്ടാക്കി. നമ്മുടെ സംസ്ഥാനത്തെ സമ്പദ്വ്യവസ്ഥയെ ഏറ്റവുമധികം തകർക്കുന്ന രീതിയിൽ കൊണ്ടുചെന്നെത്തിച്ചു. അത് ഇപ്പോഴും തുടരുന്നു. സർക്കാർ കൈയും കെട്ടി നോക്കുകുത്തിയെപ്പോലെ നിൽക്കുന്നു. അതിന് സർക്കാർ പറഞ്ഞ പരിഹാരം ഞങ്ങൾ വില നിശ്ചയിച്ച് കൊപ്ര സംഭരിക്കുമെന്നാണ്. എന്നാൽ ഇതെല്ലാം പ്രചരണമായിരുന്നു. ശ്രീമാൻ എ.സി. ജോസിനുപോലും ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കേണ്ടി വന്നു. ഇവിടെ കൊപ്ര സംഭരിക്കുന്നില്ല. സംഭരിച്ചത് എടുത്തു കൈകാര്യം ചെയ്യുന്നതിനുള്ള ഉപാധിയില്ല. സംഭരിക്കുന്നതിന് പണമില്ല. സർക്കാരിന് അതിന് താല്പര്യമില്ല. സഹകരണമേഖലയിലെ കാര്യശില്പികളായ ചില മുടന്തൻ സംഘങ്ങൾക്കും കോർപ്പറേഷനുകൾക്കും കൊപ്ര വാങ്ങിക്കൂട്ടിക്കൊള്ളാൻ ഒരു ഉത്തരവു മാത്രമാണ് കൊടുത്തത്. കൊപ്രസംഭരണം എന്നൊന്ന് ഈ രാജ്യത്ത് നടക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയില്ല. ഇത് അദ്ദേഹത്തിന് ഇതിനോടുള്ള താല്പര്യമാണ് കാണിക്കുന്നത്. ശ്രീ. എ.എൽ. ജേക്കബ് ഇവിടെയുണ്ട് എന്നുള്ളതാണ് സന്തോഷകരം.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): സർ, സംഭരണം നടക്കുന്നില്ലായെന്നു പറഞ്ഞത് ശരിയല്ല. 10,000 ടൺ വാങ്ങിച്ചു കഴിഞ്ഞു. ഇപ്പോഴും വാങ്ങിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: 10,000 ടൺ എവിടെനിന്നും വാങ്ങിച്ചുവെന്നു അറിഞ്ഞുകൂടാ. ഇക്കൊല്ലം വിലയിടിവിനുശേഷം സംഭരിക്കണമെന്നു ആവശ്യപ്പെട്ടതിനുശേഷം വാങ്ങിച്ചുകൂട്ടിയതടക്കമുള്ള കണക്കാണ്.

ശ്രീ. എ.എൽ. ജേക്കബ്: സർ, സർക്കാരിന്റെ കണക്ക് അതാണ്. ഇപ്പോഴും വാങ്ങിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: സർ, മാർക്കറ്റിംഗ് ഫെഡറേഷനോട് വാങ്ങിക്കാൻ ആവശ്യപ്പെട്ടതിനുശേഷം വാങ്ങിച്ചതിന്റെ കണക്കല്ലേ? വാങ്ങിച്ച കൊപ്രപതന്നെ ചേർത്തലയിൽ കൂട്ടിവച്ച് കോർപ്പറേഷനു കാണിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായി.

ശ്രീ. എം.വി. രാഘവൻ: സർ, കണ്ണൂരിലുള്ള ചില സഹകരണ സംഘങ്ങൾ കൊപ്ര വാങ്ങിയിട്ട് അവർക്ക് കാശ് കിട്ടിയിട്ടില്ല. അഞ്ചരക്കണ്ടിയിലെ ഫാർമേഴ്സ് ബാങ്ക് തന്നെ 20 ലക്ഷം രൂപയുടെ കൊപ്ര വാങ്ങി. അവർക്ക് കാശ് കിട്ടിയിട്ടില്ല. അവരുടെ ഗോഡൗണിൽക്കിടന്ന് കേടു വരുമോ? അവരുടെ സംഘടനതന്നെ പൊളിഞ്ഞുപോകുമോ എന്നാണ് ഇപ്പോൾ സംശയിക്കുന്നത്.

ശ്രീ. എ.എൽ. ജേക്കബ്: സർ, കാശുകൊടുത്താണ് വാങ്ങിക്കുന്നത്; കടം വാങ്ങിക്കാറില്ല.

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: സർ, എനിക്ക് വിഷമം തോന്നുന്നത് അയഥാർത്ഥമായ കണക്കുകളെക്കുറിച്ച് അദ്ദേഹം സംസാരിക്കുന്നതോർത്തിട്ടാണ്. വാങ്ങിച്ച കൊപ്രയ്ക്കുതന്നെ കാശുകൊടുക്കുന്നില്ല. വാങ്ങിച്ചതുതന്നെ വേണ്ടതുപോലെ ഉപയോഗിക്കാത്തതുകൊണ്ട് കേടുവന്നുപോകുന്നതായി ഒരു ആക്ഷേപമുണ്ട്.

ശ്രീ. എ.എൽ. ജേക്കബ്: അതു ശരിയല്ല. വാങ്ങിക്കുമ്പോഴും തന്നെ കാശുകൊടുത്താണ് വാങ്ങിക്കുന്നത്.

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: സർ, എന്നോടു ക്ഷമിക്കണം ആക്കാര്യങ്ങളൊക്കെ ചെയ്യുന്നത് അങ്ങല്ല, അങ്ങയുടെ മകനാണ്. വസ്തുത വേണ്ടത്ര പരിശോധിക്കാത്തതുകൊണ്ടാണ്. ശ്രീ. ജിജോ ജേക്കബ് ആണ് കൈകാര്യം ചെയ്യുന്നത്. അങ്ങ് അത് അറിയാത്തതുകൊണ്ടാണ്. ഞാൻ ആരോപണം ഉന്നയിക്കുന്നില്ല.

സർ, സംഭരിക്കുന്ന കൊപ്രായ്ക്കുതന്നെ പണം കിട്ടാത്ത കേസ് ഉണ്ട്. ചേർത്തലയിൽ മാർക്കറ്റിങ് ഫെഡറേഷൻ സംഭരിച്ച കൊപ്ര ഏറെറടുക്കുന്നതിനും വെളിച്ചെണ്ണയാക്കുന്നതിനും കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സമ്മതിച്ചില്ല. തരം താഴ്ന്നതാണു പോലും. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഏതായാലും ഈ സംഭരണം കർഷകരെ രക്ഷിക്കുന്നതിനും എന്തെങ്കിലും ആശ്വാസം കൊടുക്കുന്നതിനും ആവശ്യമായിട്ടുള്ള നടപടിയായിട്ടില്ലായെന്നുള്ളതാണ് ഖേദകരമായ വസ്തുത.

ചർച്ച അവതരിപ്പിച്ചുകൊണ്ട് ശ്രീ. എ.സി. ജോസ് നിർത്തിവച്ചത് ഒരു കോർപ്പറേഷൻകൂടി വേണമെന്നു പറഞ്ഞുകൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ ഉള്ളിലിരിപ്പ് എന്താണെന്ന് എനിക്ക് മനസ്സിലായില്ല. എന്റെ അഭിപ്രായത്തിൽ കോർപ്പറേഷന്റെ ബാഹുല്യമാണ് ഇപ്പോഴത്തെ തടസ്സമായിട്ടുള്ളത് എന്നാണ്.

ഇപ്പോഴത്തെ ഒരു ബോർഡുണ്ട്. സെൻട്രൽ കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡ്. സെൻട്രൽ ബോർഡിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് കൊടുക്കുന്ന ധനസഹായത്തിനുപുറമേ പ്രധാനപ്പെട്ട വരുമാനം കൊപ്രയുടെ സെസ്സ് ആണ്. ഈ ബോർഡിന്റെ വികസനത്തിനാവശ്യമായ പണത്തിന്റെ എത്രയാണ് മുന്നിലൊന്നിൽ അധികം വരുന്ന സംഖ്യ കേരളത്തിലെ കൊപ്ര വ്യാപാരത്തിൽനിന്നും സെസ്സായി പിരിക്കുന്നു. എന്നാൽ ആ സംഖ്യ ഉപയോഗിച്ച് ഈ സംസ്ഥാനത്ത് തെങ്ങുകളുടെ രോഗനിവാരണത്തിന് നടപടിയെടുക്കുന്നില്ല. വില നില നിർത്തുന്നതിന് നടപടിയില്ല. ആ സംഖ്യ ഉപയോഗിച്ച് അയൽ സംസ്ഥാനങ്ങളിൽ തെങ്ങുകൃഷി വികസിപ്പിക്കാൻ മാത്രം ഉപയോഗിക്കുന്ന നിരുത്തരവാദപരമായ ഒരു സമീപനമാണ് ആ ബോർഡ് കൈക്കൊള്ളുന്നത്. ഈ നിലപാട് മാറണം. തറവില പ്രഖ്യാപിക്കുമെന്നും താങ്ങുവില പ്രഖ്യാപിക്കുമെന്നും പറഞ്ഞു. അവസാനം പ്രഖ്യാപിച്ചത് മാർക്കറ്റിലെ നിലവാരത്തിന് 10 രൂപ കൂടുതലായി കൊപ്ര സംഭരിക്കുമെന്നു മാത്രമാണ്. അതും ഉണ്ടായില്ല. ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയാകെത്തന്നെ തകർക്കുന്ന കേരളത്തെ ദരിദ്രമാക്കുന്ന ഈ ആപത്തിനെതിരെ ശക്തമായിനീങ്ങണം. കർക്കശമായും ഇറക്കുമതി നിരോധിക്കണം. ഓപ്പൺ ജനറൽ ലൈസൻസ് ഇഷ്യൂ ചെയ്തുകൂടാ. ഇറക്കുമതി തീരെ പാടില്ല. തറവിലയും താങ്ങുവിലയും നിശ്ചയിച്ചുകൊണ്ട്, ആവശ്യമായ കൊപ്ര സംഭരിച്ചുകൊണ്ട് തെങ്ങുകർഷകരെയും സംസ്ഥാനത്തെയും രക്ഷിക്കണം. ഗവൺമെന്റിന്റെ നിരുത്തരവാദപരമായ സമീപനം മാറണം. സംസ്ഥാന ഗവൺമെന്റ് അതിനുവേണ്ടി ഉണർന്നു പ്രവർത്തിച്ചെങ്കിൽ മാത്രമേ രക്ഷയുള്ളൂ. ഇക്കാര്യത്തിൽ കാണിക്കുന്ന അലംഭാവത്തിനെതിരെ അടുത്തമാസം 7-ാം തീയതി പാരമ്പര്യവ്യവസായ ബന്ധിനോടൊപ്പംതന്നെ കേരളത്തിലെ തെങ്ങുകർഷകരുടെ സംഘടനകളും ഗ്രാമജീവിതം സ്തംഭിപ്പിച്ചുകൊണ്ട് എന്തെങ്കിലും ചെയ്തെങ്കിൽ മാത്രമേ അധികാരികളുടെ കണ്ണുതുറപ്പിക്കാൻ സാധിക്കുകയുള്ളൂ. 7-ാം തീയതി കരിദിനം ആചരിക്കുകയാണ്. അതു മനസ്സിലാക്കുന്നതാണ് നല്ലത് എന്ന് മുഖ്യമന്ത്രിയെ ഓർമ്മിപ്പിച്ചുകൊണ്ടും അതിനൊത്തു പ്രവർത്തിക്കാൻ ആവശ്യപ്പെട്ടുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ.പി.എ. മജീദ്: സർ, ശ്രീ. എ.സി. ജോസ് അവതരിപ്പിച്ച ചർച്ചയെ ഞാൻ അനുകൂലിക്കുകയാണ്. ഈ നിയമസഭാ സമ്മേളനത്തിൽത്തന്നെ നാളികേരകർഷകരുടെ പ്രയാസങ്ങളെക്കുറിച്ച് ഇവിടെ ചർച്ചചെയ്യപ്പെട്ടതാണ്. നാളികേരത്തിന്റെ നാടാണ് കേരളം. എന്നാൽ ഈ കേരളത്തിൽ പോലും നാളികേരത്തിന് രക്ഷയില്ലായെന്നുള്ള ദുഃസ്ഥിതിയാണുള്ളത്. വിലയിടിവുമൂലം കേരളത്തിലെ നാളികേര കർഷകർ ഇന്ന് ദുഃഖത്തിന്റെ ആഴക്കടലിലാണ് നിൽക്കുന്നതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. കാർഷിക-സാമ്പത്തിക രംഗത്ത് വളരെ പ്രാധാന്യമുള്ള ഈ നാളികേരത്തിന് താങ്ങുവില കൽപ്പിച്ചുകൊണ്ടുള്ള നിലപാട് ഉണ്ടായിട്ടുപോലും ശരിയായ രീതിയിൽ അത് പ്രയോജനപ്പെടുത്താൻ കഴിയാത്ത ഒരു

LIBRARY ARCHIVES Kerala Legislative Assembly

ദുഃസ്ഥിതിയാണ് ഉള്ളത്. 'നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാലുകാലോലപ്പുരയുണ്ട്' എന്നൊക്കെ * കേരളത്തെ സംബന്ധിച്ച്, നാളികേരത്തിന് പ്രാധാന്യമുള്ള, നാളികേരത്തിന്റെ നാടായ കേരളത്തെക്കുറിച്ച് പലരും പല രീതിയിലും പാടിപ്പുകഴ്ത്തിയിട്ടുണ്ട്. എന്നാൽ ഈ നാളികേരത്തെ സംബന്ധിച്ച് റബ്ബർപോലെയോളം സുശക്തമല്ല എന്ന കാരണത്താൽ നാളികേര കർഷകരുടെ ദീന രോദനം കേൾക്കാതെ പോകുന്നത് ഭൂഷണമല്ല എന്നാണ് എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് പറയാനുള്ളത്. നാളികേരത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യപ്പെടുമ്പോൾ ഇതിന്റെ പ്രധാനമായിട്ടുള്ള കാരണങ്ങൾ മറച്ചുവയ്ക്കുന്നത് ശരിയായിരിക്കുമെന്നെനിക്ക് തോന്നുന്നില്ല. ഇതിനു കാരണം പ്രധാനമായിട്ടും കേന്ദ്രഗവൺമെന്റിന്റെ ഇറക്കുമതിനയം തന്നെയാണ്. നേരത്തെ ഇവിടെ റബ്ബർ കൃഷിക്കാരെ സംബന്ധിച്ച് ചർച്ച ചെയ്യപ്പെട്ട സന്ദർഭത്തിലും ഒക്കെത്തന്നെ സംസ്ഥാന ഗവൺമെന്റ് അതിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ കുത്തക വ്യാപാരികൾക്കും വ്യവസായികൾക്കും എണ്ണ ഇറക്കുമതി ചെയ്യാനുള്ള അവകാശം നൽകുകയും അവസരം നൽകുകയും, യാതൊരു വിധത്തിലുള്ള മാനദണ്ഡവും ഇല്ലാതെ കൊപ്ര ഇറക്കുമതി ചെയ്യുകയും ചെയ്തതിന്റെ ഫലമായിട്ട് കേരളത്തിലെ നാളികേരകൃഷിക്കാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് വളരെയാണ്. അതിനെക്കുറിച്ച് സംസ്ഥാനഗവൺമെന്റ് കേന്ദ്രഗവൺമെന്റുമായി ബന്ധം പുലർത്തിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേന്ദ്രഗവൺമെന്റ് ഇറക്കുമതി നയം സ്വീകരിക്കുമ്പോൾ ഈ നയത്തെ സംബന്ധിച്ചും, അത് കേരളത്തിലെ നാളികേര കർഷകരെ ബാധിക്കുന്ന സന്ദർഭത്തിൽ അതിനെക്കുറിച്ചുമൊക്കെ സംസ്ഥാനത്തിന്റെ വികാരത്തെയും, അഭിപ്രായത്തെയും ആരാഞ്ഞു കൊണ്ടു മാത്രമേ ഇത്തരമൊരു നിലപാട് സ്വീകരിക്കാവൂ എന്ന് ഈ സഭയിൽത്തന്നെ സഭാനേതാവ് വ്യക്തമാക്കിയിട്ടുള്ളതാണ്. അങ്ങനെയൊരു പ്രഖ്യാപനം ഉണ്ടായിട്ടുപോലും തുടർച്ചയായി കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള ഈ ഇറക്കുമതിനയം കേരളത്തിലെ നാളികേരകർഷകർക്ക് കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. നാളികേരത്തിനുമാത്രമല്ല, എല്ലാ സാധനങ്ങൾക്കും ഇന്ന് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വിലയിടിവ് ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുകയാണ്. അതുപോലെ കുരുമുളക്, ചുക്ക്, റബ്ബർ തുടങ്ങിയ സാധനങ്ങളുടെ കാര്യത്തിലും ഈ അടുത്തകാലത്തുണ്ടായിട്ടുള്ള വിലയിടിവുമൂലം കേരളത്തിലെ കർഷകരുടെയിടയിൽ വളരെയധികം നിരാശയും ബുദ്ധിമുട്ടും ഉണ്ടാക്കിയിട്ടുണ്ട് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഈ ദുഃസ്ഥിതി ഇവിടെ ഉണ്ടായപ്പോൾ സംസ്ഥാന സഹകരണ വിപണന ഫെഡറേഷനെയാണ് ഇത് സംഭരിക്കാൻ വേണ്ടി ഏൽപ്പിച്ചത്. എന്നാൽ ഈ സഹകരണസ്ഥാപനത്തിന് ശരിയായ രീതിയിൽ ഇത് ശേഖരിക്കാൻ ആവശ്യമായിട്ടുള്ള സാമ്പത്തിക സഹായം ബന്ധപ്പെട്ടവർ നൽകാത്തതുമൂലം ഇത് ശരിയായ രീതിയിൽ സംഭരിക്കാനോ, ഇതിന് താങ്ങുവില പ്രഖ്യാപിച്ച് വില നിലവാരം പിടിച്ചുനിറുത്താനോ ഉള്ള സംവിധാനം ഉണ്ടാക്കാൻ സാധിച്ചിട്ടില്ലായെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞവർഷം ഒരു ക്വിന്റൽ കൊപ്രയ്ക്ക് 2260 രൂപയാണുണ്ടായിരുന്നതെങ്കിൽ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

1040 രൂപയായി വില ചുരുങ്ങിയിരിക്കുകയാണ്. വില പകുതിയോളം കുറഞ്ഞിട്ടുണ്ട്. അതുപോലെ കഴിഞ്ഞ വർഷം വെളിച്ചെണ്ണയ്ക്ക് 3410 രൂപയാണുണ്ടായിരുന്നതെങ്കിൽ ഇപ്പോഴത് 1555 രൂപയായി കുറഞ്ഞിരിക്കുകയാണ്. ഇത് വളരെ ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്. നാളികേര കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ബാങ്കിൽനിന്ന് ഭീമമായ തുക കടം വാങ്ങിയാണ് തെങ്ങുകൃഷി വികസിപ്പിച്ചെടുക്കാൻ നാം തീരുമാനിച്ചത്. സാധു സ്കീം നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിൽ അവരുടെ സാമ്പത്തിക സഹായത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള തെങ്ങുകൃഷിക്ക് ഇത്തരത്തിലുള്ള ദുഃസ്ഥിതി കൂടി വന്നാൽ തീർച്ചയായും കൃഷിക്കാർക്ക് ദോഷകരമായിത്തീരും. അതോടുകൂടി തന്നെ തെങ്ങുകൃഷിയ്ക്ക് ആരംഭിച്ചിട്ടുള്ള രോഗം നിയന്ത്രിക്കാൻ കഴിയാത്തതുകൊണ്ട് തെങ്ങുകൾ വെട്ടി മാറ്റാനുള്ള സംരംഭങ്ങളും ഉണ്ടായതുകൊണ്ട് ഈ രംഗത്തും കൃഷിക്കാർക്ക് വളരെയധികം ബുദ്ധിമുട്ടനുഭവപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് എനിക്ക് കേരളാ ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത് കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് ഈ ഇറക്കുമതിനയത്തെ സംബന്ധിച്ചുള്ള നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ പ്രതിഷേധം അറയിക്കാനുള്ള നിലപാട് സ്വീകരിക്കണമെന്നാണ്. അതുപോലെതന്നെ നാളികേരത്തിന് താങ്ങുവില ഏർപ്പെടുത്തിക്കൊണ്ട് കൃഷിക്കാർക്ക് രക്ഷയുണ്ടാകത്തക്ക വിധത്തിലുള്ള നടപടികൂടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ശ്രീ. കെ.പി. പ്രഭാകരൻ: സർ, കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ന് ഏറ്റവും ഗൗരവതരമായ പ്രശ്നം കേവലം ഒരു മണിക്കൂർകൊണ്ട് ചർച്ച ചെയ്ത് തീർക്കാവുന്നതല്ല. ഗവൺമെന്റ് തന്നെ ഇതിന് കൂടുതൽ സമയം വച്ചുകൊണ്ട് പൂർണ്ണമായ ഒരു ചർച്ചയ്ക്ക് സമയം തരേണ്ടതായിരുന്നു. ഇതിനുമുമ്പ് ഇതിനുവേണ്ടി അടിയന്തിരപ്രമേയം ഉന്നയിച്ചുകൊണ്ട് ആവശ്യപ്പെട്ടതായിരുന്നു. നിർഭാഗ്യവശാൽ അന്ന് ഇത്തരത്തിലൊരു ചർച്ചയ്ക്ക് ഗവൺമെന്റ് അവസരമുണ്ടാക്കിയില്ല. ഇപ്പോഴും ഒരു മണിക്കൂർകൊണ്ട് ഒരു അനൗദ്യോഗിക മെമ്പറുടെ റൂൾ 58 അനുസരിച്ചുള്ള ചർച്ചയ്ക്ക് അവസരം കിട്ടിയതുതന്നെ അത്രയും നല്ലത്. ഈ ചർച്ച ഉന്നയിച്ചുകൊണ്ട് ശ്രീ. എ.സി. ജോസ് തന്നെ പറഞ്ഞു, ഒരു നാളികേരത്തിന് നാലുരൂപവരെ വില ഉണ്ടായിരുന്നുവെന്ന്. ഇന്നലത്തെ മാർക്കറ്റ് വിലയനുസരിച്ച്, ആയിരം തേങ്ങയ്ക്ക് ആയിരം രൂപ മുതൽ 1300 രൂപവരെ ഉണ്ട് എന്നാണ് മാർക്കറ്റ് റിപ്പോർട്ട്. അതിന്റെയർത്ഥം ഒരു തേങ്ങയ്ക്ക് ഏറ്റവും കൂടുതൽ കിട്ടുന്ന വില ഒരു രൂപ മുപ്പതു പൈസയാണ്. ശ്രീ. ജോസ് പറഞ്ഞ അത്രയുമില്ലെങ്കിലും ഒരു ശരാശരിയെടുത്താൽ ഈ വർഷം ഒരു നാളികേരത്തിന് രണ്ടു രൂപവരെ നഷ്ടപ്പെട്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ ആധികാരികമായ കണക്കനുസരിച്ച്, കേരളത്തിൽ ഒരു വർഷം 300 കോടി നാളികേരമാണ് ഉൽപ്പാദിപ്പിക്കുന്നത്. ഒരു തേങ്ങയ്ക്ക് ശരാശരി രണ്ടു രൂപവച്ച് 600 കോടി രൂപയാണ്. ഈ ഒരു വർഷത്തിൽ നാളികേര കർഷകന് നഷ്ടപ്പെട്ടത്. നമ്മുടെ സംസ്ഥാനത്ത് ഏകദേശം 25 ലക്ഷം നാളികേരകർഷകരുണ്ടെന്നാണ് ഗവൺമെന്റിന്റെ സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

കാണുന്നത്. 25 ലക്ഷം കൃഷിക്കാരിൽ 98 ശതമാനവും രണ്ട് ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ളവരാണ്. രണ്ട് ഹെക്ടർ ഉള്ള വരെയാണ് ചെറുകിടകർഷകരായി കണക്കാക്കുന്നത്. രണ്ട് ഹെക്ടർ ഭൂമിയിൽ താഴെയുള്ള 98 ശതമാനത്തിൽത്തന്നെ ഒരു ഹെക്ടറിനു താഴെയുള്ളവരാണ് 89.9 ശതമാനം പേരും. അതുപോലെ അൻപത് സെന്റ് ഭൂമിയുള്ളവർ 37 ശതമാനം വരും. 25 ലക്ഷം നാളികേര കർഷകരെന്നു പറയുന്നത് ഏറ്റവും പാവപ്പെട്ടവരും, ചെറുകിടകൃഷിക്കാരുമാണ്. അവർക്കാണ് ഒരു വർഷം 600 കോടി രൂപ നഷ്ടപ്പെട്ടിരിക്കുന്നത്. ഈ കേരകൃഷിക്കാരെ മാത്രം സംബന്ധിച്ച കാര്യമല്ല, കേരളത്തിന്റെ ദേശീയ വരുമാനത്തിൽ 15 ശതമാനം നാളികേരകൃഷിയുമായി ബന്ധപ്പെട്ടതാണ്. അത് നമ്മുടെ സമ്പദ്ഘടനയെ ആകെത്തന്നെ തകർത്തിരിക്കുകയാണ്. ഇത് ഗവൺമെന്റിന്റെ നികുതിവരുമാനത്തെ ബാധിക്കും. ഓണക്കാലത്ത് കച്ചവടത്തിൽ വിശേഷിച്ചും തുണിപ്പീടികയിൽ ഹോട്ടലിലായാലും റീട്ടെയിലായാലും ഗ്രാമപ്രദേശങ്ങളിലും പട്ടണപ്രദേശങ്ങളിലും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നോക്കുമ്പോൾ പകുതി കച്ചവടം പോലും നടന്നിട്ടില്ല. നമ്മുടെ സമ്പദ് ഘടനയാണ് തകർന്നത്. അൻപതു സെന്റുകാരനും ഒരു സെന്റുകാരനും ഇതൊക്കെ ബാങ്കിൽ സൂക്ഷിക്കാനല്ല; അവരുടെ ദൈനംദിന ജീവിതത്തിനുവേണ്ടി വ്യാപരിക്കുകയാണ്. ആ വ്യാപാരത്തിൽ നിന്ന് ഗവൺമെന്റിന് കിട്ടേണ്ട സെയിൽസ്ടാക്സിനെ വിലയിടിവ് കാര്യമായി ബാധിക്കുന്നതാണ്: അത്രമാത്രം ഗൗരവമായ ഒന്നാണിത്. 25 ലക്ഷം കേരകർഷകർ എന്നു പറയുമ്പോൾ, നമ്മുടെ രണ്ടരക്കോടി ജനസംഖ്യയിൽ ഏതാണ്ട് ഒരുകോടി ജനങ്ങൾ വരും. അവർ നാളികേരകൃഷിയുമായി ബന്ധപ്പെട്ട്, അതിൽനിന്നു കിട്ടുന്ന വരുമാനത്തിൽ ജീവിക്കുന്നവരാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ ഏതാണ്ട് ആറിലൊന്നു ദേശീയവരുമാനം വരുന്ന ഈ കൃഷിയെ ഇത്രയും ഗൗരവമായ ഒരു തകർച്ച ബാധിച്ചിട്ട് അത് ഗൗരവത്തോടുകൂടി എടുക്കാൻ ഇന്നും ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഇവിടെ ബഹുമാനപ്പെട്ട എ.സി. ജോസ് പറഞ്ഞതുപോലെ ബോർഡുകളുടെ കുറവൊന്നുമല്ല. നാളികേരബോർഡ് രൂപീകരിച്ചിട്ട് അഞ്ച് വർഷമായി. ആ ബോർഡിന്റെ രൂപീകരണം കഴിഞ്ഞ് ആദ്യത്തെ മൂന്നു വർഷക്കാലം കാര്യമായി ഒരു പ്രവർത്തനവും നടന്നിട്ടില്ല. ബോർഡിൽ ഒരൊറ്റ കർഷകപ്രതിനിധിയാണ് ഉള്ളത്. രൂപം അനുസരിച്ച് ആറോ എട്ടോ കർഷകപ്രതിനിധികളെ എടുക്കണം. ഒരൊറ്റ കർഷകപ്രതിനിധിയെയും ബോർഡിന്റെ കാലാവധി തീരുന്നതുവരെ ഇരുത്തിയിട്ടില്ല. ഇപ്പോൾ ബോർഡ് വീണ്ടും റീകോൺസ്റ്റിറ്റ്യൂട്ട് ചെയ്തു. ഒന്നരവർഷക്കാലമായി ആ ബോർഡിനു കോറം തികഞ്ഞ് കൂടാൻ പോലും മെമ്പർമാരെ എടുത്തിട്ടില്ല. അടുത്ത ദിവസങ്ങളിൽ ഏതാനും പേരെ നോമിനേറ്റ് ചെയ്തു. ഉള്ള ബോർഡ് പ്രവർത്തിക്കുന്നില്ല. ഇവിടെ ഒരു നാളികേര വികസന കോർപ്പറേഷനുണ്ട്. കോർപ്പറേഷൻ മുഖേന ഈ കർഷകരെ സഹായിക്കാൻ എന്ത് നടപടി സ്വീകരിച്ചു? ഈ പ്രശ്നങ്ങൾ മനസ്സിലാക്കാത്തതുകൊണ്ടല്ലേ. ഇവിടത്തെ നാളികേര വിലയിടിവിന് പ്രധാനമായിട്ടുള്ള കാരണം വെളിച്ചെണ്ണയുടെ ഇറക്കുമതിയാണെന്നുള്ളത് ഒരു നഗ്നമായ യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത്

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിക്കും. ഇതിനുമുമ്പും ഈ നിയമസഭയിൽ ഇക്കാര്യം നിഷേധിച്ചിട്ടുണ്ട്. പക്ഷേ വെളിച്ചെണ്ണ ഇപ്പോഴും ഇവിടെ ഇറക്കുമതി നടത്തുന്നുണ്ടെന്നാണ് നാളികേരബോർഡ് ചെയർമാൻ ഒരു മാസം മുമ്പ് ഒരു പ്രസ്താവനയിൽ പറഞ്ഞത്.

ഇവിടെ മുഖ്യമന്ത്രി പറയുന്നത്, മാർക്കറ്റിംഗ് ഫെഡറേഷൻ പതിനായിരം ടൺ വാങ്ങിയെന്നാണ്. ഒരു മാസത്തിൽ ശരാശരി ഇരുപതിനായിരം, ഇരുപത്തയ്യായിരം ടൺ കൊപ്ര മാർക്കറ്റിൽ വരുന്ന ഈ സംസ്ഥാനത്ത് ഇക്കഴിഞ്ഞ നാലു മാസത്തിനിടയ്ക്ക് ഒരു ലക്ഷത്തോളം ടൺ കൊപ്ര മാർക്കറ്റിൽ വന്നപ്പോഴാ അതിൽനിന്ന് പതിനായിരം ടൺ വാങ്ങിയെന്നാണ് പറയുന്നത്. അതിൽത്തന്നെ മുപ്പായിരം ടണ്ണിൽ അധികം കൊപ്രയുടെ വില കൊടുത്തിട്ടില്ലായെന്നാണ് കൃഷിക്കാരുടെ ഭാഗത്തു നിന്നുമുള്ള പരാതി. മുഖ്യമന്ത്രിയുടെ പ്രസ്താവനകൊണ്ടൊന്നും വയർ നിറയാൻ പോകുന്നില്ല. അടിസ്ഥാനപരമായ കാരണം ഇറക്കുമതിയാണ്. ആ ഇറക്കുമതി എഡിബിയം ഓയിലിന്റെ പേരിലായാലും ഇൻഡസ്ട്രിയൽ ഓയിലിന്റെ പേരിലായാലും, ഏതു വിധത്തിലായാലും, പൂർണ്ണമായും നിർത്തണം. ഇവിടെ ശ്രീ. എ.സി. ജോസ് പറഞ്ഞതുപോലെ ഒരു നാളികേരത്തിന് 2 ഉറുപ്പിക എന്നല്ല, 4 ഉറുപ്പികയെങ്കിലും കൃഷിക്കാരന് കേരളത്തിൽ കിട്ടണം. 3 ഉറുപ്പികയെങ്കിലും കിട്ടണമെന്നു പറയാൻ ശ്രീ. ജോസിന് എന്താണ് ഇത്ര മടി? ഈ രാജ്യത്തെ 25 ലക്ഷം കൃഷിക്കാരുടെ കാര്യമാണ്:

ശ്രീ. എ.സി. ജോസ്: 2 രൂപയെങ്കിലും കിട്ടിയില്ലായെങ്കിൽ കൃഷി നടത്തിക്കൊണ്ടുപോകാൻ— പറ്റില്ലായെന്നാണ് പറഞ്ഞത്. ഒരു രൂപ 50 പൈസ ഒരു നാളികേരത്തിന് ചെലവു വരും.

ശ്രീ. കെ.പി. പ്രഭാകരൻ: 3 ഉറുപ്പികയോട് യോജിക്കുന്നു എന്നതിൽ സന്തോഷമുണ്ട്.

ശ്രീ. എ.സി. ജോസ്: 3 അല്ല 4 ഉറുപ്പിക കിട്ടണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ.പി. പ്രഭാകരൻ: മൂന്ന് ഉറുപ്പിക തറവില നിശ്ചയിച്ച് അതിന് ഗാരന്റി കിട്ടാൻ വേണ്ടി എന്തു സംവിധാനമുണ്ട്? മാർക്കറ്റിംഗ് ഫെഡറേഷനെ 1200 രൂപയ്ക്ക് കൊപ്ര വാങ്ങിക്കാൻ ഏൽപ്പിച്ചു എന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. സ്വകാര്യ മുതലാളിമാർ വാങ്ങുന്ന വിലയാണ് ആയിരവും ആയിരത്തി മുന്നൂറും. അതുകൊണ്ട് 3 ഉറുപ്പിക താങ്ങുവിലയാണ് എന്നതാണ് ഇതിൽ അടിസ്ഥാനപരമായ കാര്യം. താങ്ങുവില കൃഷിക്കാരന് കിട്ടുമെന്നതിന് ഉറപ്പ് വേണം. അത് കേരളത്തിന്റെ സമ്പദ് ഘടനയുടെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ഒരു കോടി ജനങ്ങളുടെ ജീവിതത്തിന്റെ പ്രശ്നമാണ്. ആ ഗൗരവത്തോടുകൂടി ഈ പ്രശ്നത്തെ കാണുകയും, അതിനാവശ്യമായി കേന്ദ്രത്തിനെക്കൊണ്ട് നടപടി സ്വീകരിപ്പിക്കാൻ, അതായത് ഇറക്കുമതി പൂർണ്ണമായും തടയുന്നതിനും, തറവില നിശ്ചയിക്കുന്നതിനുമുള്ള നടപടി അടിയന്തിരമായി വേണം എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ ആവശ്യപ്പെടാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.ജെ. ലൂക്കോസ്: സർ, നാളികേര വിലയിടിവിനെ സംബന്ധിച്ച് ശ്രീ. എ.സി. ജോസ് ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്. ഇവിടെ മറ്റാളുകളും സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്തിന്റെ പേര് അന്വർത്ഥമാക്കുന്നതും അതുപോലെ സംസ്ഥാനത്തിന്റെ ഏതു ഭാഗത്തും കൃഷി ചെയ്യുന്നതുമായ തെങ്ങിനെ സംബന്ധിച്ചിടത്തോളം അതുമായി ബന്ധപ്പെട്ട കർഷകർക്ക് ഇന്ന് ഉല്പന്നത്തിന് വില ലഭിക്കാതെ വന്നു. ഏറ്റവും കൂടുതൽ സാമ്പത്തിക പ്രതിസന്ധി വെളളപ്പൊക്കക്കെടുതികളും മൂലം അനുഭവിക്കുന്ന ഈ സാഹചര്യത്തിൽ വീണ്ടും ഈ വിലയിടിവ് കേരളത്തിന്റെ സമ്പദ് ഘടനയെ സാരമായി ബാധിച്ചിരിക്കുകയാണ്. സർ, വൻതോതിൽ നാളികേരം കൃഷി ചെയ്യുന്നവർ നമ്മുടെ സംസ്ഥാനത്ത് വളരെ കുറവാണ്. പലരും സൂചിപ്പിച്ചതുപോലെ ചെറുകിട തെങ്ങുകൃഷിക്കാരാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. അവർതന്നെ സാധാരണക്കാരായ ആളുകളും—വൈകുന്നേരം നിത്യോപയോഗ സാധനങ്ങളും വാങ്ങിക്കുന്നതുപോലും നാളികേരം അന്തിച്ചന്തയിൽ കൊണ്ടുപോയി വിറ്റിട്ടാണ്. അതുപോലെ മറ്റു പ്രധാനപ്പെട്ട വ്യാപാര കേന്ദ്രങ്ങളിലും നമ്മുടെ മദ്ധ്യതിരുവിതാംകൂറിലെ കൂത്താട്ടുകുളംപോലെയുള്ള സ്ഥലങ്ങളിലും ലോറിയിലെല്ലാം പൊതിച്ച നാളികേരം കൊണ്ടുവന്ന് വിറ്റ് നിത്യോപയോഗ സാധനങ്ങളും അതുപോലെ എല്ലാവിധത്തിലുള്ള അവശ്യ സാധനങ്ങളും വാങ്ങി തിരികെ പോകുന്ന സാഹചര്യമുണ്ട്. നാളികേര വിലയിടിവ് ഉണ്ടായതുപോലെതന്നെ ഇവിടെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഏതു തരത്തിലുള്ള കൃഷിക്കാരായാലും അവരുടെ ഉല്പന്നങ്ങൾക്ക് വില കുറയുന്ന സാഹചര്യം ഒഴിവാക്കണം. ഇവിടെ ശ്രീ. എ.സി. ജോസ് സംസാരിച്ച അവസരത്തിൽ റബ്ബറിന്റെ വില കുറയുന്ന അവസരത്തിൽ വിലപിക്കാൻ ആളുണ്ട്, നാളികേരത്തിനെ സംബന്ധിച്ചിടത്തോളം വിലപിക്കാൻ ആള് കുറവാണെന്നു പറഞ്ഞു. ഏതു കൃഷിയായാലും ശരി, കേര കർഷകരെ സംബന്ധിച്ചിടത്തോളം അവർക്ക് ലഭിക്കേണ്ട വില ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ അവർക്കുവേണ്ടി ഇവിടെ കക്ഷിഭേദമെന്യേ എല്ലാവരും വാദിക്കുന്നുണ്ട്; വാദിക്കുമെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് വെളിച്ചെണ്ണയെ സംബന്ധിച്ചിടത്തോളം, അത് ഗാർഹികാവശ്യത്തിന് ഉപയോഗിക്കുന്നതിനേക്കാൾ കൂടുതലായി വ്യാവസായികാവശ്യം എന്നും പറഞ്ഞ് ഇന്ന് എണ്ണ ഇറക്കുമതി ചെയ്യുകയാണ്; അല്ലെങ്കിൽ കൊപ്ര ഇറക്കുമതി ചെയ്യുകയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നാളികേര കൃഷിക്കാരെ സഹായിക്കണമെന്ന് ആത്മാർത്ഥതയുണ്ടെങ്കിൽ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നത് പൂർണ്ണമായും തടഞ്ഞെങ്കിൽ മാത്രമേ വില നിലവാരം നിലനിർത്താൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് നാളികേര കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് ചെയ്യാനുള്ള ആനുകൂല്യം, താങ്ങുവില രണ്ടു രൂപയും മൂന്നു രൂപയും നാലു രൂപയും ഒക്കെ പറഞ്ഞുവെങ്കിലും സ്ഥിരമായി അവർക്ക് ഒരു

LIBRARY ARCHIVES Kerala Legislative Assembly

വില നിശ്ചയിക്കുകയും അത് നില നിർത്തുകയും ചെയ്യണമെങ്കിൽ ഈ ഇറക്കുമതി പൂർണ്ണമായും നിരോധിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. വ്യാവസായികാവശ്യത്തിനു വേണ്ടി, സോപ്പു നിർമ്മാണത്തിനു വേണ്ടി വെജിറബിൾ ഓയിലും മറ്റും പല പേരുകളിലും ഇറക്കുമതി ചെയ്യുന്ന സമ്പ്രദായം അവസാനിപ്പിക്കണം.

കഴിഞ്ഞ ആഴ്ചത്തെ മാർക്കറ്റ് നിലവാരമൊക്കെ മാറി. 750 പ്രാഥമിക സഹകരണ സംഘങ്ങൾ 20 ടൺ വീതം കൊപ്ര വാങ്ങിക്കണമെന്നു പറഞ്ഞു. പക്ഷെ അവർക്ക് അതിനാവശ്യമായ പണം എവിടുന്ന് കൊടുക്കുമെന്ന് ഉറപ്പില്ല. വാങ്ങിച്ച കൊപ്ര തന്നെ കേടുവരാതിരിക്കാൻവേണ്ടി ആവശ്യമായ നടപടികളും സ്വീകരിക്കണം. ഇവിടെ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി പോലെ കൊപ്ര മാർക്കറ്റിംഗ് സൊസൈറ്റി വേണം എന്ന് സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയുള്ള സൊസൈറ്റി ഒന്നും ഇല്ലെങ്കിലും കൃഷിക്കാരുടെ ഉല്പന്നങ്ങൾ വാങ്ങിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് കർഷകരെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സിറിയക് ജോൺ: സർ, ഇവിടെ ശ്രീ. എ.സി. ജോസ് ചർച്ച അവതരിപ്പിച്ചപ്പോൾ സത്യത്തിൽ എനിക്ക് വളരെ പ്രതീക്ഷയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ നിരാശയുണ്ടായി. അദ്ദേഹം പറയുന്നത്, നാളികേരത്തിന് ഒരു രൂപ 50 പൈസ കിട്ടിയാൽ ഇവിടെ നാളികേര കൃഷിക്കാർ തൃപ്തരാകുമെന്നാണ്. ഇത് ആർക്കു വേണ്ടിയാണ്? ഇവിടത്തെ വ്യവസായികൾക്കു വേണ്ടിയാണോ? .....(ബഹളം).....

ശ്രീ. എ.സി. ജോസ്: ഒരു നാളികേരം ഉൽപ്പാദിപ്പിക്കുന്നതിന് ഒരു രൂപാ 50 പൈസയെങ്കിലും ചെലവു വരുമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. സിറിയക് ജോൺ: അങ്ങ് ഇവിടത്തെ രേഖകൾ പരിശോധിക്കണം. ഒരു രൂപ 50 പൈസ കിട്ടിയാൽ നാളികേര കൃഷിക്കാർ സംതൃപ്തരാണെന്നാണ് ശ്രീ. ജോസ് ഇവിടെ പറഞ്ഞത്. രണ്ടു നാളികേരം കൊടുത്താൽ ഒരു അയലപോലും കിട്ടുകയില്ല. പറവൂരിലെ നാളികേര കൃഷിക്കാർ ഒരു രൂപ 50 പൈസയ്ക്ക് സംതൃപ്തരാണെന്ന് ശ്രീ. ജോസിന് നെഞ്ചത്ത് കൈവച്ചുകൊണ്ട് പറയാമോ? പറവൂർ പോകാറുണ്ടാവില്ല. ഒരു പക്ഷേ ഇവിടത്തെ ഏതെങ്കിലും വ്യവസായികളെ ശ്രീ. കരുണാകരൻ ശ്രീ. ജോസിന്റെ അടുത്ത് അയച്ചിട്ടുണ്ടാകും. ഹിന്ദുസ്ഥാൻ ലിവറുകാരെയോ ടാറാറായേയോ ആരെയെങ്കിലും അയച്ചിട്ടുണ്ടാകും. ഇവിടെ വെളിച്ചെണ്ണയുടെ വില, നാളികേരത്തിന്റെ വില താഴ്ത്തി നിർത്തിയാൽ വ്യവസായികൾക്ക് ഇതിന്റെ ഫലമായി കൊള്ളലാഭമുണ്ടാക്കാം. അതിനു വേണ്ടിയാണ് ശ്രീ. ജോസ് ഈ തരത്തിൽ ഒരു പ്രമേയം കൊണ്ടുവന്നിരിക്കുന്നതെന്നു പറയുമ്പോൾ എനിക്ക് ഖേദമുണ്ട്. ശ്രീ. ജോസ് അതിന് നേരിട്ട് ഉത്തരവാദിയാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഈ രംഗത്തെ പല പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളവും വളരെ വിശദമായിട്ട് പറയാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ നാളികേര വികസന ബോർഡിനെ സംബന്ധിച്ച് ശ്രീ. എ.സി. ജോസ് പറഞ്ഞു. ശ്രീ. ജോസ് അതിനെക്കുറിച്ച് പഠിക്കണമായിരുന്നു. ഇവിടെ ഒരു ബോർഡ് ഉണ്ട്. പക്ഷെ എന്താണ് അതിന്റെ അവസ്ഥ? ശ്രീ. ദേവസ്സിക്കുട്ടി എന്തു ശൂരനായിരുന്നു! പക്ഷെ ശ്രീ. കരുണാകരനെതിരായിട്ട് ശ്രീ. ദേവസ്സിക്കുട്ടി ഒരു നിലപാട് സ്വീകരിച്ചതിന്റെ ഫലമായി, അദ്ദേഹത്തെ നിഷ്പ്രഭനാക്കുന്നതിനുവേണ്ടി ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ ശ്രീ. കരുണാകരൻ തടസ്സം നിന്നു. ദേവസ്സിക്കുട്ടിയോടുള്ള പക തീർക്കാൻ വേണ്ടി കേരളത്തിൽ കോടിക്കണക്കിന് പാവപ്പെട്ട നാളികേര കൃഷിക്കാരെ എരപ്പാളികളാക്കണമായിരുന്നോ? ഇത്ര ക്രൂരതയാകാമോ? ഇവിടെ നാളികേര വികസന കോർപ്പറേഷനുണ്ട്. അതും കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. നാളികേരത്തിന്റെ വിലയിടിവ് ഉണ്ടായിട്ട് നാളികേര വികസന കോർപ്പറേഷൻ സ്വീകരിച്ച സമീപനമെന്തായിരുന്നു?

വളരെ പ്രധാനപ്പെട്ട ഒരു പോയിന്റ് പറയാനുണ്ട്. നാളികേര വികസന കോർപ്പറേഷന്റെ ഉദ്ദേശമെന്താണ്? നാളികേരത്തിന് വിലയിടിവ് ഉണ്ടായിട്ട് ഈ നാളികേര വികസന കോർപ്പറേഷൻ സ്വീകരിച്ച സമീപനം നിഷേധാത്മകമാണ്. ഈ കാലഘട്ടത്തിൽ മുൻ കാലഘട്ടങ്ങളിൽ വാങ്ങിയിരുന്നതിന്റെ അഞ്ചുശതമാനംപോലും കൊപ്ര നാളികേര വികസന കോർപ്പറേഷൻ സംഭരിക്കാത്ത, നിഷേധാത്മകമായ ആ സമീപനത്തെ ഞാൻ കുറ്റപ്പെടുത്തുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ കണക്ക് ഹാജരാക്കണം. ഈ കാലഘട്ടത്തിൽ സംഭരിച്ചതും മുൻകാലങ്ങളിൽ സംഭരിച്ചതുമായ കൊപ്രയെ സംബന്ധിച്ച കണക്ക് ഹാജരാക്കണം. നമ്മളിൽനിന്ന് സെസ് പിരിച്ച് മറ്റു സംസ്ഥാനങ്ങളിൽ കൊണ്ടുപോയി നാളികേര കൃഷി വികസിപ്പിക്കുന്നു. അതുവഴി ഞാൻ അതു പറയുമ്പോൾ സങ്കുചിതമാണെന്ന് വ്യാഖ്യാനിച്ചേക്കരുത്; ശ്രീ. ബാലകൃഷ്ണപിള്ള പറഞ്ഞതുപോലെയൊന്നും പറഞ്ഞുകൂടായെന്നില്ല. നമ്മുടെ ചെലവിൽ അന്യ സംസ്ഥാനങ്ങൾ അഭിവൃദ്ധിപ്പെടുകയെന്നു പറഞ്ഞാൽ നമ്മൾ ഇതിന്റെയെല്ലാം നഷ്ടം പേറുക എന്നതാണ്. ഇത് ഒരിക്കലും അനുവദിച്ചുകൂടാത്തതാണ്. അതിനനുസരണമായ സമീപനം, അതിനനുസരണമായ ദേഗതികരം ഈ ബോർഡിനേറ്റതായിട്ടുള്ള ആർട്ടിക്കിൾസ് ഓഫ് മെമ്മോറാണ്ടത്തിൽ ഉണ്ടാകേണ്ടതാണ്.

നാളികേര സംഭരണത്തെ സംബന്ധിച്ച് പറയുന്നുണ്ട്. ഈ സംഭരണത്തിന്റെ ഫലമായി 1200 രൂപ തറവില നിശ്ചയിച്ചിരുന്നു. ശ്രീ. കരുണാകരന്റെ പ്രഖ്യാപനം അല്ലാതെ മറ്റൊന്നും നടക്കുന്നില്ല. പ്രഖ്യാപനങ്ങൾകൊണ്ടും പ്രസ്താവനകൊണ്ടും ഈ രാജ്യത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം സംതൃപ്തി കൈവരുമെന്നുണ്ടെങ്കിൽ പണ്ടേ സംതൃപ്തി വന്നേനെ. തറവില പ്രഖ്യാപിച്ചു. ഭൂട്ടാസിംഗ് പറഞ്ഞു അങ്ങനെ പ്രശ്നമില്ലെന്ന്. ശ്രീ. കരുണാകരൻ ഇന്ന് മുഖ്യമന്ത്രിയല്ലേ? ഉയർന്ന നേതാവല്ലേ? കേരളത്തിലെ നാളികേരകൃഷിക്കാരോട് താൽപ്പര്യമുണ്ടെങ്കിൽ വെളിച്ചെണ്ണ ഇറക്കുമതിചെയ്യുകയില്ലെന്ന് പ്രഖ്യാപിപ്പിക്കാമോ? കൊപ്ര സംഭരണം വഴി യഥാർത്ഥ കർഷകന്റെ കയ്യിൽ ആ വില എത്തുന്നില്ല; ഇന്ന് തുച്ഛമായ വിലയാണെങ്കിൽപോലും. മാർക്കറ്റിങ്ങ് ഫെഡറേഷന്റെ സംഭരണ രീതിയെ സംബന്ധിച്ച് പറയുമ്പോൾ 750 സൊസൈറ്റികളെ അതിനുവേണ്ടി തിരഞ്ഞെടുത്തു. അത്രയും നല്ലത്. നാളികേരം സംഭരിച്ചാൽ അത് കേടുകൂടാതെ കുറെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്തേക്കെങ്കിലും സൂക്ഷിക്കാനും വിലയുണ്ടാകുന്ന അവസരത്തിൽ അത് ഉപയോഗപ്പെടുത്താനും കഴിയും. അതുപോലെ തന്നെ ഫെഡറേഷന് മില്ലിങ്ങിനുള്ള സംവിധാനം ഉണ്ടാക്കണം. അല്ലെങ്കിൽ ടാവിയിൽ വ്യവസായികം കൂടുതൽ ലാഭമുണ്ടാക്കുമെന്നുള്ളതാണ്. ഇതുവഴി ഉണ്ടാകാൻപോകുന്നത്. ഇത് കൃഷിക്കാരെ സഹായിക്കാനാണെങ്കിൽ കുത്തകക്കാരെ സഹായിക്കാതിരിക്കാനാണെങ്കിൽ ഇറക്കുമതി ഇനി ഉണ്ടാവുകയില്ലെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകണം. പച്ചത്തേങ്ങ ആയിട്ടുതന്നെ സംഭരിക്കുകയും ഒരു നാളികേരത്തിന് ചുരുങ്ങിയത് രണ്ടരരൂപയെങ്കിലും വില കൃഷിക്കാരന് ഉറപ്പുവരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ.ജി.ആർ. കർത്താ: സർ, സാധാരണ കൃഷിക്കാരന്റെ ഏറ്റവും വലിയ ജീവിതമാർഗ്ഗമായ നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിന് ഇറക്കുമതി തടയുകയെന്ന മാർഗ്ഗം അവലംബിക്കേണ്ടതായിട്ടുണ്ട്. റബ്ബർ കൃഷിക്കാരോട് കാണിക്കുന്ന കാരുണ്യം, അവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ, കേരളത്തിലെ നാളികേരകൃഷിക്കാർക്കും കിട്ടണം. ഇന്ന് മാരകമായ രോഗം ബാധിച്ച് തെങ്ങുകൾ നഷ്ടപ്പെടുന്നുണ്ട്. കൃഷിക്കാരൻതന്നെ തെങ്ങിനെ ശ്രദ്ധിക്കേണ്ട സ്ഥിതിവിശേഷം വന്നിരിക്കുകയാണ്. തെങ്ങുരോഗം തടയുന്നതിനുള്ള മാർഗ്ഗം കണ്ടുപിടിക്കേണ്ടതുണ്ട്. നാളികേരത്തിന് വിലയില്ല. നാളികേരകൃഷിക്കാരെ സഹായിക്കുന്നതിന് ഇറക്കുമതി തടയുകമാത്രമാണ് പ്രധാനമാർഗ്ഗം.

ശ്രീ. കെ. പങ്കജാക്ഷൻ: സർ, ഈ സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾ മൂന്നിലൊന്നുള്ള ഒരു സാഹചര്യത്തിൽ അത്യാവശ്യസാധനങ്ങളുടെ വില എപ്പോഴും താഴ്ത്തിനിർത്തണമെന്ന അഭിപ്രായം ഈ സഭയിൽ പലപ്പോഴും ഉന്നയിച്ചിട്ടുള്ള വ്യക്തിയാണ് ഞാൻ. എന്നാൽ ഇന്ന് ഇവിടെ കാണാൻകഴിയുന്നത് ഓരോ ദിവസവും അത്യാവശ്യസാധനങ്ങളുടെ വില ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്നതായാണ്. ഉപ്പിന്റെവിലയും മുളകിന്റെ വിലയും മൽസ്യങ്ങളുടെ വിലയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മൂന്നുരൂപ മുന്നേകാൽരൂപ വിലയുണ്ടായിരുന്ന സിഗരറ്റിന് അഞ്ച് രൂപയാണ് വില. കമ്പനിക്കാർപോലും അറിയുന്നില്ല ഇതിന്റെ വില ഉയർന്നു കൊണ്ടിരിക്കുന്നത്. ആ പശ്ചാത്തലത്തിൽ നാളികേരത്തിന്റെ വില ഇടിയുന്നു. പല ഇടത്തരം വീടുകളിലും വൈകുന്നേരം രണ്ടു നാളികേരം ചന്തയിൽ കൊണ്ടുപോയി വിറ്റിട്ടാണ് അത്യാവശ്യസാധനങ്ങൾ വാങ്ങിച്ചുകൊണ്ടുവരുന്നത്. അവർ നാളികേരത്തിന്റെ വില ഇത്ര ഭീകരമായി ഇടിഞ്ഞതിന്റെ ദുരന്തഫലം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കൊപ്രയുടെ വില 1200 രൂപയിൽ താഴാതെ നില നിർത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. അങ്ങയുടെ ഈ പ്രഖ്യാപനം ഉണ്ടായതിനു ശേഷം മാർക്കറ്റിങ്ങ് ഫെഡറേഷനിൽക്കൂടിയോ സഹകരണ സംഘങ്ങളിൽക്കൂടിയോ ഒരു കഷണം കൊപ്ര എടുക്കാൻ കഴിഞ്ഞോ? കഴിഞ്ഞില്ല. ഇൻഡ്യയിലെ കുത്തകമുതലാളിമാരായ സോപ്പ് വ്യവസായികൾക്കും കോസ്മെറ്റിക് വ്യവസായികൾക്കും വേണ്ടി ഇൻഡ്യയ്ക്ക് പുറത്തുനിന്ന് ഭീമമായ തോതിൽ എണ്ണ ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായി നാളികേരത്തിന്റെ വില ഇത്ര ഭീമമായി ഇടിഞ്ഞതാണെന്ന

LIBRARY ARCHIVES Kerala Legislative Assembly

വസ്തുത നിഷേധിക്കാൻ കഴിയുമോ? അങ്ങ് ഇവിടെനിന്ന് എണ്ണ ഇറക്കുമതി ചെയ്യുകയില്ലെന്ന് പ്രഖ്യാപിക്കുമ്പോഴും ഡൽഹിയിൽ കേന്ദ്രമന്ത്രിമാർ പ്രഖ്യാപിക്കും ഇറക്കുമതി ചെയ്തുകഴിഞ്ഞുവെന്ന്. അങ്ങ് ഇവിടെനിന്ന് താങ്ങുവില നൽകും, തറവില നൽകും എന്ന് പ്രഖ്യാപിക്കുമ്പോഴും കേന്ദ്രമന്ത്രിമാർ താങ്ങുവില ഏർപ്പെടുത്തുക അസാദ്ധ്യമാണെന്ന് പറയും. എന്നിട്ടും അങ്ങ് പ്രഖ്യാപനം നടത്തിക്കൊണ്ടിരിക്കുന്നു. ഇത് നാളികേരകൃഷിക്കാരെ വഞ്ചിക്കാനുള്ള നടപടിയാണ്. ഈ നിലപാട് അവസാനിപ്പിച്ചുകൊണ്ട് കേരകർഷകർക്ക് നിജപ്പെടുത്തിയ വില കിട്ടത്തക്കവിധത്തിൽ സമ്പദ്ഘടന തകർന്നുപോകാത്ത വിധത്തിലുള്ള നടപടി ഗവൺമെൻറു ഭാഗത്തുനിന്നും ഉണ്ടാകണം, കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം എന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ദിനകരൻ: സർ, കേരവൃക്ഷങ്ങളെക്കൊണ്ട് ഊറാം കൊണ്ടവരാണ് കേരളീയരായ നമ്മൾ. ഇന്നത്തെ സ്ഥിതി എന്താണ്? ഞെട്ടറ്റുവീണ ഒരു നാളികേരത്തിന്റെ സ്ഥിതിയാണ് കേരളത്തിലെ കർഷകന്റെ സ്ഥിതി. അതിന് ഒരു മാറ്റംവരുത്തണമെന്നാണ് പറയാനുള്ളത്. പലരും സൂചിപ്പിച്ചതുപോലെ വെളിച്ചെണ്ണ ഇറക്കുമതി കർശനമായി നിർത്തലാക്കാനുള്ള നടപടി സ്വീകരിക്കാൻ സംസ്ഥാന ഗവൺമെൻറ് കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തണമെന്നാണ് പറയാനുള്ളത്. കൊപ്ര സംഭരിക്കുന്നുണ്ട്. 1200 രൂപയാണ് കൊടുക്കുന്നത്. ആ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. കൊപ്ര വാങ്ങിച്ച് സംഭരിച്ചതുകൊണ്ട് കാര്യമില്ല. നാളികേരം നേരിട്ട് സംഭരിക്കാൻ സാധിക്കണം. സാധാരണ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അഞ്ചോ പത്തോ നാളികേരം ഉണ്ടായിക്കഴിഞ്ഞാൽ അത് നേരിട്ടുകൊണ്ടുപോയി കൊടുത്ത് കാശ് വാങ്ങിയ്ക്കാവുന്ന സ്ഥിതിവിശേഷം ഉണ്ടാകണം. കൊപ്ര സംഭരിക്കുകയെന്നു പറഞ്ഞാൽ വ്യവസായികൾക്ക് മാത്രമേ കൊപ്ര കൊടുക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് സാധാരണ കേര കർഷകന് നേരിട്ട് നാളികേരം കൊണ്ടുപോയികൊടുത്ത് ദൈനംദിന ജീവിതച്ചെലവ് നടത്താൻ പര്യാപ്തമായവിധത്തിൽ നാളികേരം സംഭരിക്കാനുള്ള നടപടി ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം, നാളികേരത്തിന്റെ വിലയെപ്പറ്റി പറഞ്ഞു. ഒരു രൂപയിൽ ചില്വാനമാണ് നാളികേരത്തിനുള്ള വില. നാലു രൂപയെങ്കിലും കിട്ടാനുള്ള സാഹചര്യം ഗവൺമെൻറു ഭാഗത്തുനിന്ന് ഉണ്ടാക്കിയാൽമാത്രമേ നാളികേരകൃഷിക്കാരെ രക്ഷപ്പെടുത്താൻ കഴിയുകയുള്ളൂ. റബ്ബർ കൃഷിക്കാരെ സംബന്ധിച്ചിടത്തോളവും, കൊക്കോകൃഷിക്കാരെ സംബന്ധിച്ചിടത്തോളവും പ്രശ്നമുണ്ടായാൽ ഉടൻതന്നെ ഡൽഹിയിലേക്ക് പറക്കും. ഈ പ്രശ്നം ഉണ്ടായിട്ട് ആരും അനങ്ങാത്ത സ്ഥിതിവിശേഷമാണുള്ളത്. കേരളത്തിലെ ഓരോ പൗരനേയും ബാധിക്കുന്ന പ്രശ്നമാണ്. ഒരു നാളികേരമെങ്കിലും കിട്ടാത്ത ഒരു പൗരൻ കേരളത്തിൽ ഇല്ലെന്നുള്ളതാണ് സത്യം. കേര കർഷകൻ കേരളത്തിലെ നട്ടെല്ലാണെന്ന് മനസ്സിലാക്കിക്കൊണ്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുന്തിയ പരിഗണന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, കേരളത്തിലെ നാളികേര കർഷകർ അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ച് സഭയിലെ പലരും സംസാരിച്ചുകഴിഞ്ഞു. കേരളത്തിലെ നാളികേരകൃഷിക്കാർക്ക് താങ്ങുവില

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുമെന്ന് പറഞ്ഞു. കൊപ്രാ സംഭരണം നടത്തുമെന്ന് പ്രഖ്യാപിച്ചെങ്കിലും, ഒരൊറ്റ കർഷകനും ഒരു പൈസപോലും കിട്ടാനുള്ള സാഹചര്യം നാളിതുവരെ ഉണ്ടായിട്ടില്ല. പല സഹകരണ സ്ഥാപനങ്ങളിലും കുറഞ്ഞതോതിലൊക്കെ കൊപ്ര ശേഖരിച്ചിട്ടുണ്ട്. ചെറുകിട കച്ചവടക്കാർക്ക്, ഒരു മനുഷ്യനുപോലും പൈസ കിട്ടാത്ത സ്ഥിതിയുണ്ട്. നാളികേരകർഷിക്കാരെ സംബന്ധിച്ചിടത്തോളം അവർ അനുഭവിക്കുന്ന ദുരിതത്തെക്കുറിച്ച്, മുഖ്യമന്ത്രിയും അതുപോലുള്ളവരും പത്രങ്ങളിലൂടെ പ്രഖ്യാപനം നടത്തുന്നതല്ലാതെ ആശ്വാസ നടപടികളൊന്നും സ്വീകരിക്കുന്നില്ല. ഒരു വശത്ത് ഈ ദുരന്തം ഇങ്ങനെ നിൽക്കുമ്പോഴാ നാളികേരത്തിൽനിന്നുമുള്ള ഉൽപ്പന്നത്തിന്റെ സഹായത്തോടുകൂടി ഉൽപ്പാദിപ്പിക്കുന്ന മറ്റ് സാധനങ്ങളായ സോപ്പ്, കാലിത്തീറ്റ മുതലായ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. നിത്യോപയോഗ സാധനങ്ങളുടെ വില ദിവസംപ്രതി വാണം പോലെ കുതിച്ചു കയറിക്കൊണ്ടിരിക്കുകയാണ്. വേനൽക്കാലമാകുമ്പോഴാ. വരൾച്ചയിൽനിന്നും തെങ്ങുകളെ രക്ഷിക്കുന്നതിനുവേണ്ടി വളമിട്ട് കൃഷിചെയ്യാനൊക്കാത്തനിലയിൽ കൃഷിക്കാരന്റെ സാമ്പത്തിക നില ഇന്ന് അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് എങ്ങനെയാണ് പരിഹാരം കാണുന്നത്? താങ്ങുവിലയെന്നു പറയുന്നതല്ലാതെ അങ്ങിനെ ഒരു വില നിശ്ചയിച്ച് പാവപ്പെട്ട കർഷകരിൽനിന്നും സംഭരിക്കുന്നതിനുള്ള സംവിധാനം നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ല. നെയ്യാറിൻകര താലൂക്കിൽ നെല്ലിമൂട് കേന്ദ്രമാക്കി ഒരു സൊസൈറ്റിയിൽ ഏതാനും ദിവസം കൊപ്ര എടുത്തുകൊണ്ടിരുന്നു. ഇപ്പോഴാ എടുക്കുന്നില്ല. ഇപ്പോഴാ അവിടെ കൊപ്ര കൊണ്ടുചെന്നാൽ പണമില്ല, പണം കിട്ടുന്നതുവരെ സൂക്ഷിക്കുന്നതിന് സംവിധാനമില്ല എന്ന് പറയുന്നു.

ഈ നില തുടർന്നുപോയിക്കഴിഞ്ഞാൽ സംഭരണം നടത്തുമെന്നും താങ്ങുവില നിശ്ചയിക്കുമെന്നും താങ്ങുവില എല്ലാ നാളികേര കൃഷിക്കാർക്കും ലഭിക്കുമെന്നും പറയുന്നതിൽ എന്തെങ്കിലും ആത്മാർത്ഥതയോ സത്യസന്ധതയോ ഉണ്ടോയെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. കേരളത്തിൽ അങ്ങോളമിങ്ങോളം ഒരുപക്ഷേ ഒരു കുടികിടപ്പുകാരന് പത്ത് സെന്റ് സ്ഥലമുണ്ടെങ്കിൽ അതിൽ അഞ്ച് മൂട് തെങ്ങ് കാണും. കഴിഞ്ഞകാലഘട്ടങ്ങളിൽ, ഇതിന്റെ വില ഇത്രയും അധഃപതിക്കുന്നതുവരേയും കൃഷിക്കാരന്റെ നിത്യചെലവ് ഒന്നോ രണ്ടോ തേങ്ങാ പറിച്ചുകൊണ്ട് ചന്തയിൽ പോയാൽ അത് വിറ്റുകിട്ടുന്ന കാശ്കൊണ്ട് ഭംഗിയായി നടത്താൻ കഴിയുമായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി എന്താണ്? ഒന്നോ രണ്ടോ തേങ്ങായുമായിട്ട് ചന്തയിൽ പോയിക്കഴിഞ്ഞാൽ അത് വാങ്ങാൻ ആളില്ല. കൂടിയാൽ അതിന് 50 പൈസ, 80 പൈസ അല്ലെങ്കിൽ ഒരു രൂപ കിട്ടുന്നു. സാഹചര്യമായിരിക്കുന്നു. ഒരു രൂപ 50 പൈസ ഉണ്ടെങ്കിൽ അവന്റെ ഒരു ദിവസത്തെ ചെലവിന് തികയുമെന്ന് ബഹുമാനപ്പെട്ട പ്രമേയാവതാരകൻ സൂചിപ്പിച്ചിരിക്കുകയാണ്. ഇന്ന് ഒരു കൂലിക്കാരന്റെ ശമ്പളം ഏതാണ്ട് 20 രൂപ മുതൽ 25 രൂപവരെ ആയിരിക്കുകയാണ്. 25 രൂപാ കൊടുത്ത് ഒരു കൂലിക്കാരനെ വിളിച്ചുനിറുത്തിയാൽ അഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

മൂടു് തെങ്ങിന്റെ ഇട കിളയ്ക്കാൻ സാധിയ്ക്കാത്ത സാഹചര്യ മുണ്ടു്. അതുപോലെതന്നെ ഇതിനു് വളമിടണം. രാസവളത്തിന്റെ വില ദിവസം കഴിയുംതോറും വർദ്ധിച്ചുവരുകയാണു്. അതിനു് നിയന്ത്രണം കൽപ്പിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി യുണ്ടാകുന്നില്ല. തെങ്ങു് കൃഷിക്കാരെ സഹായിക്കണമെന്നുണ്ടെങ്കിൽ, ഇതുമൂലം കഷ്ടത അനുഭവിക്കുന്ന ആളുകൾക്കു് സഹായമുണ്ടാ കണമെങ്കിൽ തേങ്ങായുടെ വില വർദ്ധിപ്പിക്കുന്നതോടൊപ്പം എണ്ണ വില കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ, പിണ്ണാക്കു് വില കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ കാലിത്തീറ്റയുടെ വില നിയ ന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നു് അഭ്യർത്ഥിച്ചു കൊണ്ടു് തത്വത്തിൽ ഈ പ്രമേയത്തോടു് യോജിക്കുകയാണു്.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, കേരളത്തിൽ 25 ലക്ഷത്തോളം വരുന്ന നാളികേര കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ പരി താപകരമായ ഒരു സാഹചര്യം ഇന്നു് സംജാതമായിരിക്കുകയാണു്. ഈ രാജ്യത്തെ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റു് തന്നെ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന കണക്കനുസരിച്ചു് ശരാശരി 350 ടൺ നാളികേരം കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടു്. 350 ടൺ നാളികേരം ഉൽപ്പാദിപ്പിക്കുന്നുവെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം, കഴിഞ്ഞവർഷത്തെ മാർക്കറ്റ് വില വച്ചു് ഏകദേശം 1,225 കോടി രൂപ കേരളത്തിലെ നാളികേര കൃഷിക്കാർക്കു് ലഭി ക്കുന്ന സാഹചര്യമുണ്ടായിരുന്നു. അപ്രതീക്ഷിതമായിട്ടാണു്, ആരും പ്രതീക്ഷിക്കാത്ത രീതിയിൽ വന്നിച്ച വിലയിടിവു് ഈ വർഷം അഭിമുഖീകരിക്കേണ്ട സാഹചര്യമുണ്ടായതു്. ഈ രാജ്യത്തു് നാളികേര കൃഷിക്കാർക്കു് ഏറ്റവുമധികം വായ്പ കൊടുക്കുന്നതു് സഹകരണമേഖലയാണു്. പ്രതിവർഷം 78 കോടി രൂപ നാളികേര കൃഷിക്കാർക്കു് വായ്പ കൊടുത്തു്, കെട്ടുതെങ്ങു് അടിസ്ഥാ നത്തിൽ സൊസൈറ്റികൾ മുഖേന ഏറെടുത്തു് വിൽപ്പന നടത്തിയാണു് വായ്പ തിരിച്ചടയ്ക്കുന്നതു്. സഹകരണസ്ഥാപനങ്ങൾക്കു്, അതിന്റെ പ്രവർത്തനങ്ങൾക്കു് വളരെയധികം ബുദ്ധിമുട്ടു് ഉണ്ടാ യിരിക്കുന്ന സാഹചര്യം ഇന്നു് ഈ രാജ്യത്തു് സംജാതമായി രിക്കുകയാണു്. ഇതിന്റെ പല കാര്യങ്ങളെക്കുറിച്ചും, ഞങ്ങൾ, ഗവൺമെന്റിനെപോലെതന്നെ ഉത്തരവാദിത്വത്തോടുകൂടി, നാളികേര കൃഷിക്കാരെ സഹായിക്കേണ്ടതു് സഹകരണമേഖലയാണെന്ന നിലയിൽ പരിശോധന നടത്തുകയുണ്ടായി. പരിശോധന നടത്തിയപ്പോൾ ഭരണകക്ഷിയിലേയും പ്രതിപക്ഷത്തേയും അംഗങ്ങൾ പറഞ്ഞ വസ്തുത, കഴിഞ്ഞ രണ്ടു് വർഷക്കാലമായി എസ്.ടി.സി. ഒരു തുള്ളി വെളിച്ചെണ്ണ ഇറക്കുമതി ചെയ്തിട്ടില്ല എന്നാണു്. പക്ഷേ എനിക്കു് സൂചിപ്പിക്കുവാനുള്ള ഒരു കാര്യം, നാളികേരത്തിന്റെ 25 ശതമാനം മാത്രമേ നമ്മൾ എഡിബിൾ പർപ്പസിനുവേണ്ടി ഉപ യോഗിക്കുന്നുള്ളൂ; നോൺ എഡിബിൾ പർപ്പസിനുവേണ്ടിയാണു് ബാക്കി 75 ശതമാനവും ഉപയോഗിക്കുന്നതു്. അതിനും പുറമേ ഇന്നു് ചില എണ്ണകൾ ഇറക്കുമതി ചെയ്തു് അതു് ഉപയോഗി ക്കുന്നതുകൊണ്ടു് കേരളത്തിലെ നാളികേര കൃഷിക്കാരെ അതു് സാരമായി ബാധിച്ചിട്ടുണ്ടെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. കെ. പങ്കജാക്ഷൻ: എസ്.ടി.സി. ഇറക്കുമതി ചെയ്തില്ലെങ്കിൽ തന്നെയും ഓപ്പൺ ലൈസൻസിൽ ആർക്കും എത്രമാത്രം എണ്ണ വേണമെങ്കിലും ഇറക്കുമതി ചെയ്യാമെന്ന വസ്തുത ബഹു മാനപ്പെട്ട മെമ്പർക്കു് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: എസ്.ടി.സി.യുടെ ക്ലിയറൻസ് ഇല്ലാതെ ഇറക്കുമതി ചെയ്യാൻ സാധിക്കുകയില്ല, എസ്.ടി.സി. ലൈസൻസ് കൊടുക്കാതെ സാദ്ധ്യമല്ല.

ശ്രീ. ബേബി ജോൺ: ബഹുമാനപ്പെട്ട മെമ്പറുടെ ധാരണ തെറ്റാണ്. പുതിയ ഇംപോർട്ട് പോളിസി അനുസരിച്ച് കേന്ദ്ര ഗവൺമെൻറിന്റെ പ്രത്യേക അനുവാദമോ ലൈസൻസോ കൂടാതെതന്നെ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാൻ കഴിയും. അതനുസരിച്ച് ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ: കേരളത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രതിമാസം 5,000 ടൺ പാം ഓയിൽ ഇറക്കുമതി ചെയ്യുന്നുണ്ട്. 25 രൂപ ഒരു കിലോ വെളിച്ചെണ്ണയ്ക്കു മാർക്കറ്റ് വില ഉണ്ടായിരുന്ന അവസരത്തിൽ കിലോയ്ക്ക് എട്ട് രൂപാവച്ച്, പ്രതിമാസം 5,000 ടൺ പാം ഓയിൽ ഉപഭോക്താക്കൾക്ക് വിതരണം ചെയ്ത സാഹചര്യമുണ്ട്. അത് ഗൗരവമായി ഗവൺമെൻറ് ആലോചിക്കേണ്ട ഒരു പ്രശ്നമാണ്. ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം 25 രൂപായ്ക്കു വെളിച്ചെണ്ണ വാങ്ങാൻ കഴിയാത്തപ്പോൾ എട്ട് രൂപയ്ക്കും 9 രൂപയ്ക്കും ഇപ്പോൾ 10 രൂപയ്ക്കും പാം ഓയിൽ വാങ്ങിക്കുന്നു. കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന, രണ്ടര കോടി ജനങ്ങളിൽ വെളിച്ചെണ്ണ ഉപയോഗിക്കുന്ന ബഹുഭൂരിപക്ഷം ആളുകളിൽനിന്ന്, വെളിച്ചെണ്ണയുടെ വാസന മാറിയെടുക്കുന്നത് നാളികേര കൃഷിക്കാരെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷേ അതൊന്നുമല്ല പ്രശ്നം. പതിനഞ്ചു വർഷമായുള്ള കൊപ്രയുടെ മാർക്കറ്റിനെക്കുറിച്ച് ഞങ്ങൾ പഠനം നടത്തി. 1,400, 1,450, 1,500 രൂപ അങ്ങനെ പോകുന്നു. 50 രൂപയിൽ, 100 രൂപയിൽ കൂടുതൽ ഒരു ക്വിൻറൽ കൊപ്രായ്ക്ക് ഫ്ളക്ച്യുവേഷൻ ഉണ്ടായിട്ടില്ല. പക്ഷേ കഴിഞ്ഞ വർഷം 3,410 രൂപ ഉണ്ടായിരുന്ന വെളിച്ചെണ്ണയുടെ വില നേരേ 1,500 രൂപ ആയപ്പോൾ അതൊരു വലിയ പ്രഹരമായി. പക്ഷേ പതിനഞ്ച് കൊല്ലത്തെ കണക്കെടുത്ത് പരിശോധിച്ചാൽ 50 രൂപ മുതൽ 100 രൂപ വരെ മാത്രമേ വിലയിൽ വ്യത്യാസം ഉണ്ടായിരുന്നുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ ഗവൺമെൻറും ഇക്കാര്യത്തിനുവേണ്ടി ചെയ്ത ശ്രമങ്ങൾ ഫലമായിട്ടില്ല എന്നുള്ളതാണ് വസ്തുത. അതിനുള്ള പ്രധാനമായ കാരണം, ഒരു സുപ്രഭാതത്തിൽ ഇങ്ങനെയൊരു അപകടകരമായ സാഹചര്യമുണ്ടായിക്കഴിഞ്ഞാൽ, കൊപ്ര സംഭരിക്കാനുള്ള സാഹചര്യം മാർക്കറ്റിംഗ് ഫെഡറേഷനു ഉണ്ടാക്കാൻ വേണ്ടി, സംസ്ഥാന സഹകരണ ബാങ്കിന്റെ അഞ്ച് കോടി രൂപയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 15 കോടി രൂപയും ചേർത്ത് 20 കോടി രൂപയുടെ സംഭരണം നടത്തണമെന്ന് തീരുമാനിച്ചു. റിസർവ്വ് ബാങ്ക് ക്രെഡിറ്റ് ആതറൈസേഷൻ ഇൻഡ്യാഗവൺമെൻറിന്റെ അനുമതിയോടുകൂടി മാത്രമേ അവർ നൽകുകയുള്ളൂ എന്നുള്ളതുകൊണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുവരെ നടത്തിയ മുഴുവൻ ശ്രമങ്ങളും ഫലിച്ചില്ല; സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 15 കോടി രൂപയുടെ ക്രെഡിറ്റ് ആതറൈസേഷൻ ഇതുവരെ കിട്ടിയിട്ടില്ല. ഗവൺമെൻറ് കൊടുത്ത ഒരു കോടി രൂപയും

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് കൊടുത്ത 5 കോടി രൂപയും ചേർത്ത് ആകെ 6 കോടി രൂപ മാത്രമാണ് മാർക്കറ്റിംഗ് ഫെഡറേഷന് വാങ്ങാനുള്ളത്. അടിയന്തിരമായും ഇത് മാറിയില്ലെങ്കിൽ നമുക്ക് ഈ സ്ഥിതിയിൽനിന്ന് കരകയറാൻ സാദ്ധ്യമല്ല. കാരണം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞതുപോലെയല്ല. മാർക്കറ്റിംഗ് ഫെഡറേഷൻ 40 ലക്ഷം, 45 ലക്ഷം, 20 ലക്ഷം, 25 ലക്ഷം രൂപാവീതം എടുത്ത് കൊപ്രയുടെ വില കൊടുത്തുതീർക്കാൻ നിർവ്വാഹമില്ലാതെ നിൽക്കുകയാണ്.

ശ്രീ. എം.വി. രാഘവൻ: എടുത്ത കൊപ്രായ്ക്ക് വില കൊടുക്കാൻ കഴിയാത്ത സ്ഥിതിയുണ്ടെന്നു മാത്രമല്ല, ഈ സംഘങ്ങൾ ഇപ്പോൾ പൂട്ടും. അവയുടെ സാധാരണഗതിയിലുള്ള പ്രവർത്തനങ്ങൾ നടക്കുകയില്ല. എടുത്ത കൊപ്ര നിങ്ങളാരെങ്കിലും എടുക്കുന്നില്ലായെങ്കിൽ അത് പൊടിഞ്ഞുപോകും. ആ നഷ്ടം ആര് വഹിക്കും? സംഘങ്ങളെ മുഴുവൻ പാപ്പരാക്കാൻ വേണ്ടിയുള്ള ഒരു പരിപാടിയാണിത്. ഇതിന് നിങ്ങൾ എന്തു ചെയ്യും?

ശ്രീ. തച്ചടി പ്രഭാകരൻ: അങ്ങനെയുള്ള സംഘങ്ങളെ ജില്ലാ സഹകരണ ബാങ്കിൽനിന്ന് ബ്രിഡ്ജ് ലോൺ എന്നുള്ള നിലയിൽ കൊടുത്ത് തൽക്കാലത്തേക്ക് നിറുത്തിയിരിക്കുകയാണ്. പക്ഷേ വളരെയധികം ദിവസം നിറുത്താൻ സാദ്ധ്യമല്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽനിന്ന് കിട്ടാനുള്ള 15 കോടി രൂപ കിട്ടാത്തതുകാരണം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ പല കോൺഫറൻസുകളിലും; കോക്കനട്ട് ഡവലപ്പ്മെൻറ് കോർപ്പറേഷനിൽ അത് പ്രോസസ് ചെയ്യാനുള്ള നടപടി സ്വീകരിക്കാൻ കഴിയാത്തതുകൊണ്ട് മൂവ്മെൻറ് നടക്കുന്നില്ല.

ശ്രീ. എ.കെ. ശശീന്ദ്രൻ: കോക്കനട്ട് ഡവലപ്പ്മെൻറ് കോർപ്പറേഷന് കൊപ്ര ആവശ്യമുണ്ടായിരുന്നിട്ടും മാർക്കറ്റിംഗ് ഫെഡറേഷനും സഹകരണസംഘങ്ങളും സംഭരിക്കുന്ന കൊപ്ര എടുക്കാൻ അവർ കൂട്ടാക്കുന്നില്ലായെന്ന സ്ഥിതി കേരളത്തിലുണ്ടെന്ന് അറിയാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഗവൺമെൻറ് കർശനമായ നിർദ്ദേശം കോക്കനട്ട് ഡവലപ്പ്മെൻറ് കോർപ്പറേഷന് കൊടുത്തിട്ടുണ്ട്. മാർക്കറ്റിംഗ് ഫെഡറേഷനിൽ നിന്നല്ലാതെ ഒരു തുണ്ട് കൊപ്രപോലും പുറത്തുനിന്ന് വാങ്ങാൻ പാടില്ലായെന്ന് ജി. ഒ. ഇഷ്യൂ ചെയ്തിട്ടുണ്ട്. അവർ വാങ്ങുന്നുമില്ല. അതല്ല പ്രശ്നം.

ശ്രീ. എം.വി. രാഘവൻ: കോർപ്പറേഷനിൽ ആവശ്യത്തിലധികം കൊപ്ര സ്റ്റോക്കുണ്ട്. അത് എന്തു ചെയ്യും?

ശ്രീ. തച്ചടി പ്രഭാകരൻ: എനിക്ക് ഗവൺമെൻറിനോടും മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കുവാനുള്ളത്, കോക്കനട്ട് ഡവലപ്പ്മെൻറ് കോർപ്പറേഷനിലെ പ്രോസസ്സിംഗ് യൂണിറ്റുകളെ മാത്രം ആശ്രയിച്ച് കഴിഞ്ഞാൽ സാധിക്കുകയില്ല; വേണമെങ്കിൽ സ്വകാര്യമില്ലുകളും ഗവൺമെൻറ് ഏറ്റെടുത്ത് പ്രോസസ് ചെയ്യാനുള്ള സാഹചര്യമുണ്ടാക്കിയാൽ മാത്രമേ നമുക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. ഞങ്ങൾക്ക് വളരെ വ്യക്തമായി അറിയാൻ കഴിഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളത്, കഴിഞ്ഞ മൂന്നുമാസക്കാലമായി ബോംബെയിൽനിന്ന് കച്ചവടസാധനങ്ങൾക്ക്, വ്യവസായത്തിന് ആവശ്യമുള്ള മുഴുവൻ കൊപ്രായും സംഭരിച്ചുവച്ചതിനുശേഷം മാർക്കറ്റ് വില ഇടിക്കുന്നതിന് നടത്തിയിട്ടുള്ള കുതന്ത്രങ്ങളും ഇതിന്റെ പിന്നിലുണ്ട് എന്നാണ്. പക്ഷേ അവർക്ക് അധികനാൾ പിടിച്ചു നിൽക്കാൻ സാധിക്കുകയില്ല. യാതൊരു കാരണവശാലും ഒന്നോ രണ്ടോ മാസത്തിനപ്പുറം പിടിച്ചുനിൽക്കാൻ കഴിയാത്തതുകൊണ്ട് നമ്മുടെ ഭയനീയ സ്ഥിതിക്ക് മാറ്റമുണ്ടാകും.

മറ്റൊരുകാര്യം എനിക്ക് സൂചിപ്പിക്കുവാനുള്ളത് കേരളത്തിൽ സഹകരണമേഖല വളരെ ശക്തമായി മുന്നോട്ട് പോയിട്ടുണ്ടെങ്കിലും നമ്മുടെ മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. കൃഷിക്കാരുടെ ഏതുതരം ഉൽപ്പന്നമായാലും ക്രെഡിറ്റിലിട്ട് ഏത് വായ്പ എടുത്താലും അവരുടെ ഉൽപ്പന്നങ്ങൾ വാങ്ങി ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഇന്ന് കേരളത്തെ സംബന്ധിച്ചിടത്തോളം ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് നാളികേര കൃഷിക്കാരായാലും ശരി ഏലം കൃഷിക്കാരായാലും ശരി, ഏതു തരത്തിലുള്ള കൃഷിക്കാരുടെ ഉൽപ്പന്നമായാലും സംഭരിച്ച് വിൽക്കുന്നതിന്, അതിന് സഹകരണ മാർക്കറ്റിംഗ് വിംഗ് ശക്തമാക്കിയെടുക്കേണ്ടത് നമ്മുടെ രാജ്യത്ത് അത്യാവശ്യമാണ്. ഇന്ന് നിലനിൽക്കുന്ന അൻപത്തിനാലോളം വരുന്ന മാർക്കറ്റിംഗ് സംഘങ്ങൾക്ക് സാമ്പത്തിക പരാധീനതകാരണം കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കൊടുക്കുന്നതിനും വാങ്ങിച്ച് സംഭരിച്ചുവയ്ക്കുന്നതിനും സാധിക്കുന്നില്ല. വികസിതരാജ്യമായ കാർഷിക പ്രാധാന്യമുള്ള ജപ്പാൻ പോലുള്ള രാജ്യങ്ങളിലാണെങ്കിൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഓരോ കമ്മോഡിറ്റിക്കും അവരുടെ ഉൽപ്പന്നങ്ങൾക്കു ന്യായമായ വില പ്രഖ്യാപിച്ചുകഴിഞ്ഞാൽ ആ വിലയ്ക്കു വാങ്ങാനുള്ള സംവിധാനവും, കുറവ് വന്നാൽ ഗവൺമെന്റ് സബ്സ്ക്രൈബ് ചെയ്യാനുള്ള സംവിധാനവും ഉണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനാണ്യവിളയായ നാളികേരത്തെ സംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞ വിവാദപരമായ പ്രശ്നങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ശ്രീ. താമരാക്ഷൻ പറഞ്ഞു, അഞ്ചു രൂപ വേണമെന്ന്. ഇങ്ങനെയൊക്കെ പ്രസംഗിക്കുന്നതുകൊണ്ട് കുഴപ്പമില്ല. പക്ഷേ പ്രായോഗികമായ കാഴ്ചപ്പാട്, 15 വർഷത്തെ കണക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 1,500 രൂപ കൊപ്രായ്ക്കും 2,450 രൂപ വെളിച്ചെണ്ണയ്ക്കും ഉണ്ടായിക്കഴിഞ്ഞാൽ ഏകദേശം രണ്ടര രൂപയാണ് ഒരു നാളികേരത്തിന്റെ വില. 1,200 രൂപയ്ക്കു കൊപ്ര വാങ്ങാൻ തീരുമാനിച്ചാൽ അതിന്റെ അർത്ഥം രണ്ട് രൂപയിൽ കുറഞ്ഞ വില കിട്ടുമെന്നുള്ളതാണ്. ശ്രീ. കെ.പി. പ്രഭാകരൻ പറഞ്ഞതുപോലെ പ്രതിമാസം ഏകദേശം 25,000 ടൺ കൊപ്ര മാർക്കറ്റിൽ വരുമ്പോൾ രണ്ടായിരമോ, 1,500—ഓ ടൺ വാങ്ങുന്നതുകൊണ്ട് പൂർണ്ണമായും നമുക്ക് പ്രയോജനമുണ്ടാക്കാൻ കഴിയുകയില്ല. ഗവൺമെന്റ് എടുത്ത ശ്രമങ്ങളെ നിങ്ങൾ ഇടിച്ച് കാണിക്കരുത്: നാളികേരത്തിന് താങ്ങുവില നിശ്ചയിക്കണമെന്ന് മുഖ്യമന്ത്രി കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ പറഞ്ഞു. 1,200 രൂപവച്ച് 17 കോടി രൂപയുടെ നാളികേരം

LIBRARY ARCHIVES Kerala Legislative Assembly

ഇതിനോടകംതന്നെ വാങ്ങിക്കഴിഞ്ഞു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ 750 സർവ്വീസ് സഹകരണബാങ്കുകളെക്കൂടി കൊണ്ടുവരാൻ തീരുമാനിച്ചു. പത്തോ നൂറോ സംഘങ്ങൾ മാത്രം ചെറിയ രീതിയിലുള്ള സംഭരണമേ നടത്തിയിട്ടുള്ളു. കാരണം മാർക്കറ്റിംഗ് ഫെഡറേഷന് വാങ്ങുന്നത് എടുക്കാൻ സാമ്പത്തികശേഷിയും ഗോഡൗൺ സൗകര്യങ്ങളും ഉണ്ടെങ്കിൽ മാത്രമേ ഇതിന്റെ ശരിയായ രീതിയിലുള്ള ക്രയവിക്രയം നടക്കുകയുള്ളു. സംസ്ഥാന ഗവൺമെന്റ് റിസർവ്വ് ബാങ്കുമായും കേന്ദ്രഗവൺമെന്റുമായും ചർച്ചചെയ്തിട്ടും ഇതുവരെ ക്രെഡിറ്റ് ഓതറൈസേഷന്റെ ക്ലിയറൻസ് കിട്ടാതിരുന്നതുകൊണ്ടാണ് ഈ സ്തംഭനം ഉണ്ടായത്. അടിയന്തിരമായി മുഖ്യമന്ത്രി ഒന്നുകൂടി ശ്രദ്ധചെലുത്തി അതിനുള്ള സംവിധാനം.....

ശ്രീ. സി.കെ. തങ്കപ്പൻ: മാർക്കറ്റിംഗ് ഫെഡറേഷൻ എടുക്കുന്ന കൊപ്ര എല്ലാം കെട്ടിക്കിടക്കുകയാണെന്ന് നമുക്കൊക്കെ അറിയാം. ഈ കൊപ്ര എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് പറയാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഉള്ള വെളിച്ചെണ്ണ സൂക്ഷിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ വരുകയും ഇന്ത്യയിലുള്ള മറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കൺസ്യൂമർ ഫെഡറേഷനുകളും വഴി ആഭ്യന്തരവിപണിയിൽ വിൽക്കാനാണ് ഒരു ശ്രമം. കുറെ കഴിഞ്ഞതിനുശേഷം ബോംബെയിലുള്ള വ്യവസായികൾക്ക് കൊപ്ര ആവശ്യമായി വരുന്നതുവരെ നമ്മൾ കൊപ്ര സൂക്ഷിച്ചുവയ്ക്കും. ചീത്തയാകാൻ സാദ്ധ്യതയുള്ള കൊപ്ര പെട്ടെന്ന് പ്രോസസ്സ് ചെയ്ത് എടുക്കും. ആ അടിസ്ഥാനത്തിലാണ് സംഭരണം നടന്നുകൊണ്ടിരിക്കുന്നത്. ഞാൻ ഇത് സൂചിപ്പിക്കാൻ കാരണം നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽ ഒരു സുപ്രഭാതത്തിൽ.....

ശ്രീ. വി.കെ. രാജൻ: നിങ്ങളുടെ ഈ പ്രസംഗം കേട്ടാൽ ഈ വകുപ്പ് ഏറെക്കുറെ നിങ്ങൾ ഏറ്റെടുത്ത മട്ടാണ്. എന്നാണ് ഇത് ഏറ്റെടുത്തതെന്ന് പറയാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഞാൻ സംസ്ഥാന സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റാണ്. കേരളത്തിലെ നാളികേര കൃഷിക്കാരെ സംരക്ഷിക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനെപ്പോലെതന്നെ സംസ്ഥാന സഹകരണബാങ്കിലും ഉള്ളതുകൊണ്ടാണ് ഈ കാര്യം വ്യക്തമാക്കാൻ ഞാൻ ഇത് സൂചിപ്പിച്ചത്. മൂന്നിലൊന്ന് നാളികേര കർഷകരുടെ നാളികേരവും സഹകരണസ്ഥാപനങ്ങളിലൂടെയാണ് മാർക്കറ്റ് ചെയ്യുന്നത്. അതുകൊണ്ടാണ് ഞാനിത് സൂചിപ്പിച്ചത്. മുഖ്യമന്ത്രിയുടെ മുമ്പിൽ രണ്ടു പ്രധാനപ്പെട്ട നിർദ്ദേശങ്ങളാണ് എനിക്ക് വയ്ക്കാനുള്ളത്. ഇവിടെ വാങ്ങുന്ന കൊപ്രയിൽ നല്ല കൊപ്ര അഞ്ചാറ് മാസം നമുക്ക് സൂക്ഷിക്കാം. ചില കൊപ്ര ഉടൻ പ്രോസസ്സ് ചെയ്തില്ലെങ്കിൽ ചീത്തയാകും. എന്നുള്ളതുകൊണ്ട് നമ്മുടെ മാർക്കറ്റിംഗ് കോർപ്പറേഷനെക്കൊണ്ട് മതിയാകാത്തിടത്ത്; വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്ന അനേകം മില്ലുകൾ കേരളത്തിൽ അടഞ്ഞുകിടക്കുകയാണ്; ആ മില്ലുകളിൽ പ്രോസസ്സ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യിച്ചുകൊണ്ട് മാർക്കറ്റിംഗ് ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കണം. മറ്റൊരു നിർദ്ദേശം എനിക്ക് വയ്ക്കാനുള്ളത് ശാശ്വതമായ ഒരു പരിഹാരം കേര കർഷകർക്ക് ലഭിക്കണമെങ്കിൽ നമ്മുടെ സഹകരണ സ്ഥാപനങ്ങൾക്ക് നാളികേരം വാങ്ങാനും പ്രോസസ്സ് ചെയ്യാനുമുള്ള സാഹചര്യം, കേരളത്തിലൊട്ടാകെ ഒരു പഞ്ചായത്തിലെ ഒന്നുരണ്ട് സർവ്വീസ് സഹകരണ ബാങ്കുകൾ നാളികേരം മുഴുവൻ വാങ്ങി സംഭരിക്കുന്ന ഉത്തരവാദിത്വം നിറവേറ്റുമെന്ന് ബോദ്ധ്യമാക്കാവുന്ന ഒരു ആശ്വാസം, ഒരു പരിഹാരം, ഉണ്ടാക്കുന്നതിന് ഗവൺമെൻറ് ശ്രമിക്കണം. വിശേഷിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ മുൻകൈ എടുക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. ജോസ് അവതരിപ്പിച്ച പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ: സർ, സഭ തുടങ്ങിയതിനു ശേഷം എല്ലാ സന്ദർഭങ്ങളും ഉപയോഗിച്ചുകൊണ്ട് ഈ പ്രശ്നം ചർച്ച ചെയ്തിട്ടുണ്ട്. പ്രശ്നത്തിൻറെ ഗൗരവ സ്വഭാവം കാണിക്കുന്ന ഒന്നാണിത്. ചർച്ചയിൽ ഇടപെട്ട് സംസാരിക്കുന്ന അംഗങ്ങളും, ഒരു കാര്യം ശ്രദ്ധിക്കേണ്ടതാണ്. ഈ കാര്യത്തിൽ എല്ലാവർക്കും താൽപ്പര്യമുണ്ട്; ഗവൺമെൻറ് എന്നനിലയിൽ മാത്രമല്ല വ്യക്തിയെന്നുള്ള നിലയിൽ പോലും കേരളത്തിലെ ജനങ്ങളും 40—45 ശതമാനം തെങ്ങുകൃഷിയുമായി ബന്ധമുള്ള ആളുകളാണ്. നമ്മുടെ ഉപമുഖ്യമന്ത്രിയുടെതന്നെ പ്രധാനവരുമാനം നാളികേരകൃഷിയിൽ നിന്നാണ്. അതുകൊണ്ട് താൽപ്പര്യത്തിൻറെ കുറവല്ല. ആരും ആരേയും കുറ്റപ്പെടുത്തേണ്ട കാര്യമില്ല. ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നത് മരുന്ന് നിശ്ചയിച്ചിട്ട് രോഗം കണ്ടുപിടിക്കുന്ന സ്ഥിതി ആകരുത്. ഇറക്കുമതി നിർത്തൽ ചെയ്താൽ എല്ലാമായി, എന്നു പറയുന്നതു് എനിക്ക് മനസ്സിലാകുന്നില്ല. ഇറക്കുമതിയെ സംബന്ധിച്ചിടത്തോളം ഒന്നിലധികം പ്രാവശ്യം ഞാൻ ഈ സഭയിൽ പറഞ്ഞതാണ്. സംസ്ഥാന ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനെ രേഖാമൂലം അറിയിച്ചിട്ട്, കിട്ടുന്ന രേഖാമൂലമായ മറുപടി മാത്രമാണ് നമ്മുടെ കൈവശമുള്ള രേഖ. ബഹുമാനപ്പെട്ട കേന്ദ്ര ഭക്ഷ്യവകുപ്പു മന്ത്രി, ആകെ ഇറക്കുമതി ചെയ്തിട്ടുള്ളത് 1000 ടൺ മാത്രമാണ്; അതിനുശേഷം പിന്നീട് ഇറക്കുമതി ചെയ്തിട്ടില്ലെന്ന് രേഖാമൂലം സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്. ഒരു കാര്യം ബഹുമാനപ്പെട്ട അംഗങ്ങളും, ശ്രദ്ധിക്കേണ്ടതു്.....

ശ്രീ. ബേബി ജോൺ: പ്രധാനമന്ത്രിയോടും ഞങ്ങളും പറഞ്ഞതാണിത്. ആർ.ഇ.പി. ലൈസൻസ് അനുസരിച്ച് കേന്ദ്രഗവൺമെൻറിൻറെ പ്രത്യേക ലൈസൻസ് ഇല്ലാതെ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാം. അതായത് ഇപ്പോഴത്തെ ഇംപോർട്ട് പോളിസി അനുസരിച്ച്. ആ രീതിയിൽ ഇറക്കുമതി ചെയ്തു. ഇറക്കുമതി നിർത്തുക മാത്രമല്ല ഇതിനു പരിഹാരം എന്നല്ല പറഞ്ഞത്. ഇറക്കുമതി നിർത്തുക എന്നുള്ളതുകൂടി ഇതിനൊരു പരിഹാരമാണ്.

ശ്രീ. കെ. കരുണാകരൻ: അതെ. എന്താണ് ഇതിൻറെ പ്രശ്നം എന്ന് നമ്മളും ചിന്തിക്കണം. നാളികേരകൃഷിക്കാർക്ക് ആശ്വാസം നൽകാനുള്ള നടപടിയെക്കുറിച്ച് ഈ അടുത്തകാലത്താണ് നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

കാര്യമായി ചിന്തിക്കാൻ തുടങ്ങിയത്. കരിമ്പ് തുടങ്ങിയ കൃഷി ക്രമേണ തെങ്ങുവില നിശ്ചയിക്കുന്നതിനുവേണ്ടി എത്രയോ കാലങ്ങൾക്കു മുമ്പ് സമ്മർദ്ദം ഉണ്ടാവുകയും തെങ്ങുവില നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ പ്രധാന കൃഷിയായ നാളികേര കൃഷിയെ സംബന്ധിച്ചിടത്തോളം തെങ്ങുവില എന്നുള്ളത് അടുത്തകാലത്ത് മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. അതിന് കാരണം സമ്മാന്യം നല്ല ഒരു വില ഇവിടെ നിലനിന്നുപോന്നിരുന്നു എന്നുള്ളതുതന്നെ. വിലയെ സംബന്ധിച്ചു പറയുമ്പോൾ ഞാൻ ന്യായീകരിക്കുകയല്ല, പ്രശ്നം മനസ്സിലാക്കണം. 1981—ൽ ശരാശരി വില ഉണ്ടായിരുന്നത് 1,300 രൂപയാണ്. 1982—ൽ 1,190 രൂപയാണ് വിലയുണ്ടായിരുന്നത്. 1983—ൽ 1,770 രൂപയാണ് വിലയുണ്ടായിരുന്നത്. 1984—ൽ 3,150 രൂപയാണ് വിലയുണ്ടായിരുന്നത്. ഇതിൽ നിന്ന് ഒരു കാര്യം കാണാൻ സാധിക്കും. ഒരു വർഷം പ്രത്യേകമായ സാഹചര്യം ഉണ്ടായ അവസരത്തിൽ അതായത് വരൾച്ചമൂലം ദൗർലഭ്യം ഉണ്ടായ അവസരത്തിൽ ക്രമാതീതമായി വില വർദ്ധിച്ചു. നാളികേരത്തിന് ക്രമാതീതമായി വില വർദ്ധിച്ചപ്പോൾ വെളിച്ചെണ്ണയ്ക്കും വില വർദ്ധിച്ചു. വെളിച്ചെണ്ണയ്ക്ക് വില വർദ്ധിച്ചപ്പോൾ നാളികേര കൃഷിക്കാർ ഉൾപ്പെടെയുള്ള ആളുകൾ ഉൽകണ്ഠാകുലരായി. കേന്ദ്രഗവൺമെന്റ് ഇറക്കുമതി ചെയ്ത വെളിച്ചെണ്ണ കേരളത്തിലേയ്ക്ക് ആവശ്യമുണ്ടോയെന്ന് ചോദിച്ചപ്പോൾ ആവശ്യമില്ലെന്ന് ഞാൻ മറുപടി കൊടുത്തതിന് . നിവേദനങ്ങൾ വന്നു. എന്തുകൊണ്ട് വെളിച്ചെണ്ണ ഇറക്കുമതി ചെയ്തത് ന്യായമായ വിലക്ക് തന്നുകൂടായെന്ന നിവേദനങ്ങൾ വന്നു. അന്ന് ഒരു ആശ്വാസമായിട്ടുള്ളത് നാളികേര വികസനകോർപ്പറേഷന്റെ ആഭിമുഖ്യത്തിലുള്ള മില്ലുകളിൽനിന്ന് ഉല്പാദിപ്പിക്കുന്ന വെളിച്ചെണ്ണ 32—ഉം 33—ഉം രൂപ വിലയുണ്ടായിരുന്നത് 25 രൂപയ്ക്ക് കൊടുക്കാനുള്ള ഏർപ്പാട് ചെയ്തതാണ്. നാളികേര കൃഷിക്കാരുടെ പ്രശ്നങ്ങളെക്കുറിച്ച് കാര്യമായി ചിന്തിക്കേണ്ടതുണ്ട്. കൊപ്രയുടെ മാർക്കറ്റ് വില 900 മുതൽ ആയിരം രൂപവരെയായി ചുരുങ്ങി. ആ അവസരത്തിലാണ് ഏതെങ്കിലും വിധത്തിൽ ആശ്വാസം ഉണ്ടാക്കാനുള്ള നടപടികളെക്കുറിച്ചു കേന്ദ്രഗവൺമെന്റുമായി ചർച്ച ചെയ്തത്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ പെട്ടെന്ന് പരിഹരിക്കാവുന്ന ഒരു പ്രശ്നമല്ലിത്. തെങ്ങുവില നിശ്ചയിക്കുന്ന കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നപ്പോൾ ആദ്യം റിയാക്ഷൻ ഉണ്ടായി. തെങ്ങുവില നിശ്ചയിക്കേണ്ട ആവശ്യമില്ല എന്നുള്ള സമീപനമായിരുന്നു കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായത്. എങ്കിലും കേന്ദ്രകൃഷിവകുപ്പുമായി ഇതേപ്പറ്റി വിശദമായി ചർച്ചചെയ്തത് പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിനുശേഷം ആദ്യത്തെ നിലപാട് മാറുകയും ഇത് തീർച്ചയായും പരിഹരിക്കേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനഗവൺമെന്റ് ഇതു സംബന്ധിച്ചുള്ള കണ്ട്യൂണിക്കേഷൻ ആരംഭിക്കുകയും ചെയ്തു. നാളികേരത്തിന് വില നിശ്ചയിക്കേണ്ട ആവശ്യകതയെക്കുറിച്ച് വളരെ ബോദ്ധ്യമാകത്തക്ക നിലയിൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നു. കേന്ദ്രഗവൺമെന്റിന്റെ ആഭിമുഖ്യത്തിലുള്ള നാളികേര വികസന ബോർഡ് നാളികേര കർഷകർക്ക് ആശ്വാസം നൽകാനുള്ള നടപടിക്രമം സ്വീകരിച്ചെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ആശ്വാസം കൊടുക്കാനുള്ള ഒരു പദ്ധതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് നാളികേര കർഷകരെ സംബന്ധിച്ചിടത്തോളം ചുരുങ്ങിയത് ഇത്ര വില നാളികേരത്തിന് കിട്ടുമെന്ന് ഉറപ്പുവരുത്തുക എന്നുള്ളതല്ലാതെ ഇന്നത്തെ സാഹചര്യത്തിൽ മറ്റ് പോംവഴിയൊന്നുമില്ല. ബോർഡ് ഉണ്ടായതിന്റെ മെച്ചം (ഞാൻ സ്വാർത്ഥത പറയുകയല്ല) കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഗുണത്തേക്കാൾ ദോഷമാണ് എന്ന അഭിപ്രായക്കാരനാണ് ഞാൻ. കാരണം തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഒറീസ്സയിലുമൊക്കെ നാളികേരക്കൃഷി തുടങ്ങി. രാജ്യത്തിന് അത് നല്ലതാണ്; കുറ്റം പറയാൻ പാടില്ല. കേരളത്തിലെ കർഷകന് തീർച്ചയായും അതിനേറ്റായ ബുദ്ധിമുട്ട് ഉണ്ട്. ഇവിടെ പലരും സൂചിപ്പിച്ചപോലെ ഒരു കാലത്ത് നമ്മുടെ വലിയ വാദഗതി എന്തായിരുന്നു? വെളിച്ചെണ്ണ ഭക്ഷ്യ എണ്ണയാണ്, ഇൻഡസ്ട്രിയൽ പ്രോഡക്ടായിട്ട് എടുക്കരുതെന്ന് വാദിച്ച ആളുകളാണ് നമ്മൾ. ഇതിന് പ്രൊട്ടക്ഷൻ കിട്ടാൻവേണ്ടിയാണ് അങ്ങനെ ചെയ്തത്. എന്നാൽ ഇന്ന് വ്യവസായത്തിന്റെ അസംസ്കൃത പദാർത്ഥമായി അംഗീകരിച്ചു വന്നുകഴിഞ്ഞാൽ ഉണ്ടാകുന്ന ബുദ്ധിമുട്ട്. ഇവിടേയും വേറെ ഒരു ദോഷം ഉണ്ട്. ഫിനിഷ്ഡ് ഗുഡ്സ് കയറ്റി അയച്ചാൽ അതിന്റെ ഇത്ര ശതമാനം റാമെറ്റീരിയൽസ് കയറ്റി അയയ്ക്കാം എന്നുള്ള പ്രൊവിഷൻ ഉണ്ട്. അതുകൊണ്ടാണ് നമ്മൾ ഭക്ഷ്യ എണ്ണ എന്ന വാദഗതിയിൽ നിന്നിരുന്നത്. ഏതായാലും ശരി ഇതിന്റെയെല്ലാം വിശദാംശങ്ങളും നോക്കി ഈ വാദഗതിക്ക് പരിഹാരം കാണുന്നതോടൊപ്പംതന്നെ അടിസ്ഥാനമായി ചെയ്യേണ്ട കാര്യം താങ്ങുവിലയുടെ കാര്യമാണ്. അവസാനമായി ഇന്ത്യാഗവൺമെന്റിൽനിന്ന് കിട്ടിയിട്ടുള്ള ഉറപ്പടി ആശ്വാസകരമായ നിലയിലുള്ളതാണ്. താങ്ങുവിലയെ സംബന്ധിച്ചുള്ള മെഷിനറിയുടെ പ്രവർത്തനം പരിപൂർണ്ണമായി ഫൈനലൈസ് ചെയ്യുന്നതിന് സംസ്ഥാനഗവൺമെന്റ് ആരംഭിച്ചിട്ടുള്ള നടപടിയെ സ്വാഗതം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. 1200 രൂപയ്ക്ക് കൊപ്ര വാങ്ങിയ്ക്കാൻ തീരുമാനിച്ചതിനെക്കുറിച്ച് ചോദിച്ചു. പത്തുപതിനേഴ് കോടി രൂപയുടെ കൊപ്ര വാങ്ങിച്ചിട്ടുണ്ട്. പോര എന്നു ഞാൻ സമ്മതിക്കുന്നു. പോരാത്തതുകൊണ്ടാണ് ചെറിയ സഹകരണസംഘങ്ങളോട് വാങ്ങിക്കണമെന്നു പറഞ്ഞത്. ഇതുകൊണ്ടൊന്നും കേരകർഷകന്റെ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. സാധാരണ കൊപ്രയാണ് വാങ്ങിക്കുന്നത്. ചെറിയ ചെറിയ കൃഷിക്കാർക്ക് ഇത് കൊപ്രയാക്കി കൊടുക്കാൻ സാധിക്കുകയില്ല. ആ ബുദ്ധിമുട്ടുകളൊക്കെ ഉണ്ടെങ്കിൽപോലും ആയിരത്തി ഇരുന്നൂറു രൂപ എന്നു വച്ചതിനെ സംബന്ധിച്ചിടത്തോളം ഉള്ള ഒരു മെച്ചം പെട്ടെന്ന് വില

11 a.m.] കീഴ്പോട്ടു പോകാതെ അതു ബാലൻസ് ചെയ്തു നിൽക്കുകയാണ് എന്നുള്ളതാണ്. ഇന്ന് ഇൻഡ്യാ ഗവൺമെന്റ് നമുക്ക് അനുകൂലമായ ഒരു നിലപാടാണ് എടുത്തിട്ടുള്ളത്. 1300 രൂപയ്ക്ക് വാങ്ങിക്കാം എന്നു സമ്മതിച്ചിരിക്കുന്നു. അങ്ങനെ 1300 രൂപയ്ക്ക് വാങ്ങിക്കുമ്പോൾ അതിൽ വരുന്ന നഷ്ടത്തിന്റെ പകുതി സംസ്ഥാനഗവൺമെന്റും പകുതി കേന്ദ്രഗവൺമെന്റും വഹിക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് സമ്മതിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മാർക്കറ്റിംഗ് ഫെഡറേഷന് ധനസഹായം ചെയ്യുന്ന കാര്യത്തെ സംബന്ധിച്ച് ഫൈനാൻസ് മിനിസ്റ്റർ പാർലമെന്റിൽതന്നെ പറഞ്ഞു. പതിനഞ്ചുകോടി രൂപ വരെ അവർക്ക് ക്രെഡിറ്റ് ഫെസിലിറ്റി കൊടുക്കാൻ റിസർവ്വ് ബാങ്കിനെ ഡയറക്ട് ചെയ്തു. റിസർവ്വ് ബാങ്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമായി ബന്ധപ്പെട്ട് അതിനുള്ള സംവിധാനമുണ്ടാക്കുമെന്നു പറഞ്ഞു. ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ ഇവിടെ സൂചിപ്പിച്ചപോലെ അത് ഇനിയും അവസാനതീരുമാനമായിക്കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് അതിനെ സംബന്ധിച്ച് ഉണ്ടായ ഒരു ബുദ്ധിമുട്ട്. ഈ കാര്യത്തെ സംബന്ധിച്ച് സംസാരിക്കാൻ കൃഷിവകുപ്പുമന്ത്രിയെ കോണ്ടാക്ട് ചെയ്യാൻ പലപ്പോഴും ശ്രമിച്ചെങ്കിലും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പലപ്പോഴും ഡൽഹിക്ക് പുറത്താണെന്നുള്ളതുകൊണ്ട് സാധിച്ചിട്ടില്ല. ഈ മാസംതന്നെ കൃഷിവകുപ്പുമന്ത്രിയുമായും ധനകാര്യവകുപ്പുമന്ത്രിയുമായും ചർച്ച ചെയ്ത് അവസാനതീരുമാനമെടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 1300 രൂപയ്ക്ക് വാങ്ങിക്കാം എന്നുള്ള ഇൻഡ്യാ ഗവൺമെന്റിന്റെ നിർദ്ദേശം കിട്ടിക്കഴിഞ്ഞ സാഹചര്യത്തിൽ അതു ഫൈനലൈസ് ചെയ്യാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയാണ് ഉള്ളത്. അതനുസരിച്ച് ഈ മാസംതന്നെ കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് വില നിശ്ചയിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കാം.

അതുപോലെതന്നെ ശാശ്വതമായ പരിഹാരം എന്ന നിലയ്ക്ക് താങ്ങുവില കേന്ദ്രഗവൺമെന്റിനെക്കൊണ്ട് അന്തിമമായി അംഗീകരിപ്പിക്കാനുള്ള എല്ലാ സമ്മർദ്ദങ്ങളും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കും.

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോഴത്തെ 1200 രൂപയാണോ 1300 രൂപയാണോ എന്നുള്ളതല്ല. സെപ്റ്റംബർ മാസത്തിൽ ഒരൊറ്റ ദിവസമേ കൊപ്ര വാങ്ങിയിട്ടുള്ളൂ. ഒൻപതാം തീയതി ഒരൊറ്റ ദിവസം മാത്രമേ ചേർത്തലയിൽ കൊപ്ര വാങ്ങിയിട്ടുള്ളൂ. ബാക്കി ഒരു ദിവസവും വാങ്ങിയിട്ടില്ല. പൈസ ഉണ്ടാകണം. പൈസ ഉണ്ടെങ്കിലേ കൊപ്ര വാങ്ങാൻ പറ്റൂ. അതിന് ആവശ്യത്തിന് പൈസ കൊടുക്കണം.

ശ്രീ. കെ. കരുണാകരൻ: അതുതന്നെയാണ് ഞാൻ പറഞ്ഞത്. ഈ മാസംതന്നെ അതിനു പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സർ, വാങ്ങിയ കൊപ്ര മാർക്കറ്റിലേക്ക് വിടാതെ വച്ചുകൊണ്ടിരിക്കുകയാണ്. കാരണം മാർക്കറ്റിലേക്ക് വിട്ടാൽ ഒരു രൂപത്തിൽ അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ അതു വ്യവസായികളുടെ കയ്യിൽ വന്നുചേരും. ഈ നിലയിൽ കുറച്ച് വിൽക്കുകയാണെങ്കിൽ അതിൽ വരുന്ന നഷ്ടം ഗവൺമെന്റ് സഹിക്കുകയും. അതിന്റെ ബനിഫിറ്റ് വ്യവസായികൾക്ക് പോകാതെയിരിക്കുന്നതിനു വേണ്ടിയാണ് വിൽക്കാതെ വച്ചുകൊണ്ടിരിക്കുന്നത്. അതിൽ ഇപ്പോഴത്തെ കൊടുത്തിട്ടുള്ള നിർദ്ദേശം മോശമാകുന്ന കൊപ്ര കോർപ്പറേഷൻ നേരിട്ടു നടത്തുന്ന മില്ലിൽ എണ്ണയാക്കി മാറ്റാനും നല്ല കൊപ്ര സൂക്ഷിക്കാനുമാണ്. എങ്ങനെ പോയാലും ഒരു അഞ്ചാറുമാസം കൊപ്ര സൂക്ഷിക്കാൻ വിഷമം ഉണ്ടാകുകയില്ലെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ പറഞ്ഞതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ ഒന്നുരണ്ടുമാസംകൂടി പിടിച്ചു നിൽക്കുകയാണെങ്കിൽ സ്വാഭാവികമായും വില വർദ്ധിക്കാതെ നിവൃത്തിയില്ലെന്നുള്ളതാണ് ഇതിനെക്കുറിച്ച് വിവരമുള്ള കേന്ദ്രങ്ങളിൽനിന്നും നമുക്കു കിട്ടിയിട്ടുള്ള ഉപദേശം. അങ്ങനെ എനിക്കും അഭിപ്രായമുണ്ട്. അതുകൊണ്ട് നാളികേരത്തിന്റെ താങ്ങുവിലയെ സംബന്ധിച്ചിടത്തോളം താങ്ങുവില നിശ്ചയിക്കുകയും അപ്പോഴാ നാളികേരം വാങ്ങിക്കുന്നതിന് കേന്ദ്രഗവൺമെന്റുമായി ഒരു തീരുമാനമെടുത്ത് വാങ്ങിക്കുവാൻ സാധിക്കുകയും ചെയ്യുമ്പോഴാ ആശ്വാസം കണ്ടെത്താൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഭരണ പക്ഷ പ്രതിപക്ഷ വ്യത്യാസംകൂടാതെ എല്ലാവർക്കും താൽപ്പര്യമുള്ള കാര്യമാണ് ഇത്. അതുകൊണ്ട് ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിറുത്തേണ്ടകാര്യമില്ല. ഗവൺമെന്റ് ഈ കാര്യത്തിൽ ആരംഭത്തിൽതന്നെ ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൃഷിക്കാരെ രക്ഷിക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. അതിനുവേണ്ടി മാത്രമായി ഡൽഹിയിൽ ചെന്ന് ഒരു തീരുമാനമെടുക്കാൻ സാധിക്കും എന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. ബേബി ജോൺ: ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിറുത്താനല്ല. നമ്മുടെ സംസ്ഥാനത്തിന്റെ പൊതു താൽപ്പര്യത്തിനാവശ്യമായിട്ടുള്ള കാര്യമാണ്. മാർക്കറ്റിൽ വരുന്ന കമ്മോഡിറ്റിയുടെ പത്തു ശതമാനംപോലും നമുക്കു വാങ്ങിക്കുവാൻ ആകാത്തതുകൊണ്ട് 1200 രൂപയായി പോലും നിലനിറുത്താൻ കഴിയുന്നില്ല. ഇപ്പോഴാ വാങ്ങിക്കുന്നതുമില്ല. ഇപ്പോഴാ വന്നിരിക്കുന്ന സ്ഥിതി അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. മാർക്കറ്റിംഗ് ഫെഡറേഷൻ തകർന്നു. കാരണം അതിന് ഓവർ ഡ്രാഫ്റ്റ് ഫെസിലിറ്റി ഇല്ലാതായി. സർക്കാർ ഒരു ലക്ഷം രൂപയാണ് കൊടുത്തിരിക്കുന്നത്. ഇപ്പോഴാ ആകെക്കൂടി വളരെ പ്രയാസകരമായ ഒരു കാര്യമാണ്. അതിൽ വളരെ താൽപ്പര്യത്തോടുകൂടി കേന്ദ്ര ഗവൺമെന്റിനെ ഉൾപ്പെടുത്തിയിട്ടും റിസർവ്വ് ബാങ്കിൽനിന്നും എത്രയും വേഗം 15 കോടി രൂപ കിട്ടിയാൽ അത്രയും ആകുമായിരുന്നു. അതിനുവേണ്ടി ശ്രമിക്കണം. ആരേയും അങ്ങോട്ടും ഇങ്ങോട്ടും കുറ്റപ്പെടുത്തുകയല്ല. കുറ്റപ്പെടുത്തിയിട്ട് അതിൽ പ്രയോജനവും ഇല്ല.

ശ്രീ. കെ. കരുണാകരൻ: നമ്മൾ നല്ല ഉദ്ദേശത്തോടുകൂടിയാണ് ചർച്ചയിൽ പറയുന്നതെങ്കിലും കച്ചവടക്കാരുടെ കാഴ്ചപ്പാടിൽക്കൂടിയാണെങ്കിൽ അത് വ്യാപാരികൾ ദുരുപയോഗപ്പെടുത്താൻ സാദ്ധ്യതയുള്ളതുകൊണ്ടാണ് ആ വശത്തേയ്ക്ക് കടക്കാത്തത്. നമ്മൾ വാങ്ങി സ്റ്റോക്ക് ചെയ്യുന്നു. സാമ്പത്തികമായി നമുക്ക് ബുദ്ധിമുട്ടുണ്ടെങ്കിലും അതു കുറുതി വീണ്ടും അവർ നമ്മളെ ഞെരുക്കാൻ ശ്രമിക്കും. അതുകൊണ്ട് ഈ മാസംതന്നെ കേന്ദ്രഗവൺമെന്റുമായി ചർച്ച ചെയ്ത് അനുവാദം വാങ്ങി ആവശ്യമായ പണം കണ്ടെത്താൻ സാധിക്കും. പണം കണ്ടെത്തിയാലും ഇല്ലെങ്കിലും നാളികേരം വാങ്ങിക്കുവാനുള്ള പണം ഉണ്ടാക്കാനുള്ള സംരംഭം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടുത്തമാസംമുതൽ ഉണ്ടാകും എന്നു അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly